●വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ●സെപ്റ്റംബർ - ഒക്ടോബർ ●പുസ്തകം: 06 ●ലക്കം: 05 ● RNI Regn No: KERMAL/2017/73545

# വേദനിക്കുന്നില്ലേ നമുക്കും?

**ഒക്ടോബറിൽ പ്രേഷിത മാസം ആചരിക്കുവാൻ ഒരുങ്ങുമ്പോൾ ഭാരതത്തിലെ കാലിക പ്രേഷിത പ്രവർത്തന പ്രതിസന്ധികളെ ഈ കാലയളവിലെ അക്രമപരമ്പരകളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു**



## കവർ സ്റ്റോറി

**സീറ്റ്‌ലി ജോർജ്**
ചെയർമാൻ, ഫിയാത്ത് മിഷൻ

ക്രിസ്തുശിഷ്യനായ മാർ തോമാ ശ്ലീഹായുടെ ഭാരതപ്രവേശനത്തോടെ രൂപംകൊണ്ട ഭാരതക്രൈസ്തവ സമൂഹം രണ്ടായിരം വർഷത്തെ ചരിത്രം പേറുന്ന വിശ്വാസസമൂഹമാണ്. സ്വതന്ത്ര ഭാരതത്തിന് 76 വർഷം പ്രായമാവുമ്പോൾ ആധുനിക ഭാരതം കെട്ടിപ്പടുക്കുന്നതിന് ഭാരതത്തിലെ ക്രൈസ്തവസമൂഹം നൽകിയിട്ടുള്ള നിസ്തുല സംഭാവനകൾ ഏറെയാണ്. വിദ്യാഭ്യാസത്തിലും ആതുര ശുശ്രൂഷയിലും സമൂഹ നിർമ്മിതിയിലും ഗ്രാമങ്ങളിൽ അധിവസിക്കുന്ന വിസ്മരിക്കപ്പെട്ട സമൂഹങ്ങളുടെ പുനരുദ്ധാരണത്തിലും ജനാധിപത്യത്തിന്റെ സംരക്ഷണ വേദികളിലും ക്രൈസ്തവ സമൂഹത്തിന്റെ നിലപാടുകളും ഹൃദയംഗമമായ സമർപ്പണവും എന്നും അഭിമാനത്തോടെ ഓർക്കുവാൻ കഴിയും.

ഏഡി ഒന്നാം നൂറ്റാണ്ടിൽ തന്നെ സുവിശേഷ വിത്ത് വിതയ്ക്കപ്പെട്ട ഭാരത മണ്ണിൽ പ്രതിസന്ധികളിലൂടെയാണ് ക്രൈസ്തവർ യാത്ര ചെയ്തത്. നാട്ടുരാജ്യങ്ങളായി ഭാരതം നിലനിന്നിരുന്ന ആദിമ നൂറ്റാണ്ടിൽ ക്രിസ്തീയത വേരോടുവാൻ എളുപ്പമായിരുന്നില്ല. പോർച്ചുഗീസ് നാവികനായ വാസ്കോ ഡ ഗാമയുടെ വരവോടുകൂടെ ഭാരത പ്രേഷിത പ്രവർത്തനങ്ങൾക്ക് വ്യത്യസ്തമായ പാത കൈവന്നു. കൊളോണിയൽ കാലഘട്ടങ്ങളിൽ പാശ്ചാത്യസഭ ഇന്ത്യയിൽ വളരുവാൻ തുടങ്ങി. എങ്കിലും പ്രതിസന്ധികൾ എല്ലായിടങ്ങളിലും അഭിമുഖീകരിക്കേണ്ടിവന്നു. സ്വതന്ത്ര ഇന്ത്യയിൽ പ്രേഷിത പ്രവർത്തനങ്ങൾക്ക് ആദ്യകാലത്ത് വിദേശമിഷനറിമാർ ചുക്കാൻ പിടിച്ചെങ്കിലും പതിയെ തദ്ദേശീയ വൈദികരും സന്യസ്തരും പ്രേഷിത പ്രവർത്തനങ്ങൾക്കായി അഹോരാത്രം അധ്വാനിച്ചു. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ സമർപ്പിതരുടെ നേതൃത്വത്തിലായിരുന്നു ഭാരതത്തിന്റെ മറ്റിടങ്ങളിൽ സുവിശേഷം സ്വാതന്ത്ര്യാനന്തരം വ്യാപിച്ചത്. ഭരണകൂടങ്ങൾ മാറി വന്നപ്പോൾ സുഗമമായി നീങ്ങിയിരുന്ന പ്രേഷിത പ്രവർത്തനങ്ങൾ വേദനാജനകമായി മാറി. മതേതര രാജ്യത്ത് വ്യക്തിസ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന ദുരനുഭവങ്ങൾ തുടർക്കഥയായി. പ്രേഷിത മാസം നാം ആചരിക്കുവാൻ ഒരുങ്ങുമ്പോൾ ഭാരതത്തിലെ കാലിക പ്രേഷിത പ്രവർത്തന പ്രതിസന്ധികളെ ഈ കാലയളവിലെ അക്രമപരമ്പരകളിലൂടെ ഇവിടെ വിലയിരുത്തുകയാണ്.

ഉൾപേജുകളിൽ തുടരുന്നു ▸



പേജ് 03: പെരുകുന്ന അക്രമങ്ങൾ
പേജ് 04: കണ്ണീർവറ്റാത്ത കാന്ധമാൽ
പേജ് 05: കരളലിയിപ്പിക്കുന്ന മണിപ്പൂർ
പേജ് 06: പ്രേഷിത ചൈതന്യവുമായി സീറോ മലബാർ സഭ
പേജ് 07: തളരാതെ വടക്കേ ഇന്ത്യ




പ്രതിമാസം 1 ലക്ഷം രൂപ സ്റ്റൈപ്പന്റോടു കൂടി
ജർമ്മനിയിൽ നഴ്സിംഗ് പഠിക്കാൻ സുവർണാവസരം !!!

സൗത്ത് ഇന്ത്യയിലെ ഏറ്റവും മികച്ച
ജർമ്മൻഭാഷ പരിശീലനകേന്ദ്രം

JEREMIAH SUNRISE
GERMAN LANGUAGE SCHOOL

MAVOOR ROAD, KOZHIKODE

Admission open for:
A1, A2,B1, B2 & EXAM PREPARATION

REGISTER NOW ▸ 8943418152, 8921236188

KOCHI | KOZHIKODE | KOTTAYAM
WAYANAD | MYSORE | BANGALORE

എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 5

# അശാന്തമായ മതേതര ഭാരതം

ആഗോള കത്തോലിക്കാ സഭ പ്രേഷിതമാസത്തിലേക്ക് പ്രവേശിക്കുമ്പോൾ മണിപ്പൂരിലെ ഹൃദയം വിറങ്ങലിപ്പിക്കുന്ന നൊമ്പരക്കാഴ്ചകളാണ് നാമേവരുടേയും ഉള്ളിൽ. അടിസ്ഥാനപരമായി നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ നന്മ അത് മറ്റു മതവിശ്വാസങ്ങളോടു പുലർത്തിയ തുറവിയായിരുന്നു. ഭരണഘടനയും സൈന്യവും പോലീസും സർക്കാരുകളുമൊക്കെ നിലവിൽ വരുന്നതിനു മുൻപ് തന്നെ ഇവിടെ ക്രൈസ്തവർ ഉണ്ടായിരുന്നു. അവർ സുരക്ഷിതരുമായിരുന്നു. ദൈവസംരക്ഷണത്തോട് ചേർന്ന് അവരെ സംരക്ഷിച്ചത് ഇവിടുത്തെ ഭൂരിപക്ഷ ജനസമൂഹമായിരുന്നു. മഹത്തായ ഈ സംസ്കാരം നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന ഭാവങ്ങളിൽ ഒന്നാണ്. നിർഭാഗ്യവശാൽ ഈ സംസ്കാരത്തെ നശിപ്പിക്കുന്ന പ്രവണതകളും പ്രസ്താവനകളും ഏറിവരികയാണെന്നത് വേദനാജനകമാണ്.

കലാപത്തീ മണിപ്പൂരിൽ അണയാതെ നിൽക്കുമ്പോൾ ഭാരത മണ്ണിലെ പ്രേഷിത പ്രവർത്തനം ആശങ്കാജനകമാണ്. മൂന്നുമാസത്തോളമായി മണിപ്പൂരിൽ വംശഹത്യ തുടരുന്നു. ഇത്രയേറെ സൈനിക ശക്തിയുള്ള ഇന്ത്യാ മഹാരാജ്യത്തിന് എന്തുകൊണ്ടാണ് ഒരു ചെറിയ സംസ്ഥാനത്തെ കലാപം നിയന്ത്രിക്കാൻ കഴിയാത്തത്? കലാപം ശമിപ്പിക്കണമെന്ന് ഭരണകൂടം ആഗ്രഹിക്കാത്തതുകൊണ്ടാണ് കലാപം അടിച്ചമർത്താതിരിക്കുന്നത്. മണിപ്പൂരിലെ കലാപം വംശീയത്തെക്കാളുപരിയായി വർഗീയമാണ്.

സ്വാതന്ത്ര്യം നേടി 76 വർഷങ്ങൾ കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് മതസ്പർദ്ദയും വർഗീയവിദ്വേഷവും കലാപങ്ങളും വംശഹത്യകളും കൂട്ടക്കൊലകളും ഇന്ത്യയിൽ കൊടികുത്തി വാഴുന്നത്? നേതൃത്വത്തിന്റെ പിഴവു തന്നെയല്ലേ കാരണം? അധികാരക്കസേരയ്ക്ക് വേണ്ടി മത്സരിക്കാതെ ആദ്യസ്വാതന്ത്ര്യ ദിനത്തിൽ ഇന്ത്യാ വിഭജനത്തിന്റെ കലാപയിടങ്ങളിലേക്ക് സമാധാനം സ്ഥാപിക്കാൻ ഒറ്റയാൾ പട്ടാളമായി ഇറങ്ങിയ മഹാത്മജിയേയും പ്രധാനമന്ത്രിയുടെ പ്രതാപം മാറ്റിവച്ച് തെരുവുകളിൽ ഓടി നടന്ന നെഹ്റുവിനെയും പോലുള്ള രാഷ്ട്രീയ നേതൃത്വം കാണിച്ച ആർജവം ചരിത്രത്തിൽ മറക്കാനാവില്ല.

ഭാരതം ആർജിച്ച സാംസ്കാരികവും മതേതരവുമായ മൂല്യങ്ങളും മാനവികതയും നഷ്ടപ്പെടുന്ന അവസ്ഥയിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. സാഹചര്യങ്ങൾ സംഭീതമായിത്തീരുകയും ഒരാളിന്റെ രക്ഷയ്ക്കു മറ്റൊയാൾ പ്രാർത്ഥനയോടെ കണ്ണിമ ചിമ്മാതെ കാവൽ നിന്നേ മതിയാവൂ എന്ന വിധത്തിൽ ജീവിതം മാറുകയും ചെയ്തിരിക്കുകയാണ്. നീതിയിൽ അധിഷ്ഠിതമായ ജനാധിപത്യവും മതേതരത്വം സംരക്ഷിക്കപ്പെടുന്ന നമ്മുടെ മാതൃരാജ്യത്തിനായി നമുക്ക് കരംകോർക്കാം.

# മിഷനറിമാർ: സുവിശേഷവാഹകർ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ആഗോളസഭ ഒക്ടോബർ മിഷൻ മാസമായി ആചരിക്കുകയാണ്. മിഷൻ പ്രവർത്തനങ്ങളുടെയും മിഷനറിമാരുടെയും ആഗോള മധ്യസ്ഥയായ കൊച്ചുത്രേസ്യ പുണ്യവതിയുടെ തിരുനാളോടു കൂടിയാണ് ഒക്ടോബർ മാസം ആരംഭിക്കുന്നത്. 'സഭ സ്വഭാവത്താൽ തന്നെ മിഷണറിയാണ്' (ആദ് ജെൻതസ് – 2) എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം സഭയുടെ കാഴ്ചപ്പാടുകൾക്ക് വ്യക്തമായ മിഷനറി സ്വഭാവം നൽകുന്നു. 'സകല സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ' (മർക്കോ. 16: 15) എന്ന ഈശോയുടെ ആഹ്വാനമാണ് എല്ലാ മിഷൻ പ്രവർത്തനങ്ങളുടെയും അടിസ്ഥാന പ്രചോദനം. 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം' (1 കോറി. 9:16) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഓരോ വിശ്വാസിയുടെയും ദൗത്യസൂചനയാണ്.

മാസങ്ങളായി മണിപ്പൂർ അശാന്തമായി തുടരുമ്പോൾ ക്രൈസ്തവർ പീഡനങ്ങളിലൂടെ കടന്നുപോകുന്ന നൊമ്പരക്കാഴ്ചകളാണ് നമ്മുടെ മുൻപിലുള്ളത്. ഇന്ത്യൻ മതേതരത്വം ആശയങ്ങളിൽ ഒതുങ്ങുകയും ക്രൈസ്തവർ എവിടെയും അരക്ഷിതാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്ന ദിനങ്ങളാണിത്. വർഗീയത മതത്തിന്റെ മേൽ പിടിയുറപ്പിക്കുകയും രാജ്യത്തിന്റെ മതേതര നിലപാടുകളിൽ വെള്ളം ചേർക്കപ്പെടുകയും ചെയ്യുമ്പോൾ രാജ്യത്തിന്റെ ഭാവി തന്നെ അപകടത്തിൽ ആണെന്ന് രാഷ്ട്രീയ അധികാരികൾ തിരിച്ചറിയുന്നില്ല. രാഷ്ട്രീയത്തിലേക്കുള്ള ഏണിപ്പടിയായി മതവും മതവിശ്വാസവും മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാരതം നൂറ്റാണ്ടുകളായി പുലർത്തിയ സമീപനത്തിലും ആദർശത്തിലും വെള്ളം ചേർക്കപ്പെടുകയാണ്.

ക്രിസ്തുവിൽ നാം ഒന്നാണെന്ന ബോധത്തോടെ മണിപ്പൂരിന് വേണ്ടിയും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിശ്വാസത്തെ പ്രതി പീഢകളേറ്റുവാങ്ങുന്നവർക്കു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. അപചയം നേരിടുന്ന രാഷ്ട്രത്തിന്റെ മതേതര മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരായി നമ്മുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടേണ്ടിയിരിക്കുന്നു.

മിഷൻ പ്രവർത്തനം നാമെല്ലാവരുടേയും ഉത്തരവാദിത്വമാണ്. സഭയ്ക്ക് ഈ ലോകത്തിൽ പ്രസംഗിക്കുവാനുള്ള സദ്വാർത്ത യേശുവിന്റെ ജീവിതവും സുവിശേഷവുമാണ്. ഈശോയെ പോലെ ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെകൂടെ ആയിരുന്നു കൊണ്ട് ദൈവസ്നേഹം പകർന്നു കൊടുക്കുന്ന കരുണയുടെ പ്രവാചകരാണ് യഥാർത്ഥ മിഷണറിമാർ.

ജപമാല മാസം കൂടിയാണല്ലോ ഒക്ടോബർ. ജപമാല ചരടിൽ കോർത്ത സുവിശേഷമാണ്. പത്താം പീയൂസ് മാർപാപ്പ ഓർമിപ്പിക്കുന്നത് പോലെ 'എല്ലാ പ്രാർത്ഥനകളേയുംകാൾ മനോഹരവും കൃപയാൽ സമ്പുഷ്ടവുമാണ് ജപമാല. ദൈവമാതാവിന്റെ ഹൃദയത്തിൽ തൊടുന്ന പ്രാർത്ഥനയാണത്. കുടുംബത്തിൽ സമാധാനം നിലനിർത്തണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ കുടുംബമൊന്നിച്ച് ജപമാല ചൊല്ലുക.' ഈ കാലഘട്ടത്തിലെ വിശ്വാസ പ്രതിസന്ധികളെ അതിജീവിക്കുവാൻ പരിശുദ്ധ മാതാവ് നമുക്ക് നൽകിയ മൂർച്ചയേറിയ ആയുധമാണ് ജപമാല. ഈ കണ്ണികൾ വഴിയായി ദൈവത്തിന്റെ സ്നേഹവും കാരുണ്യവും നമ്മിലേക്ക് പ്രവഹിക്കുകയാണ്. 'ഇതാ നിന്റെ അമ്മ' എന്ന് യോഹന്നാനോട് ഈശോ അരുൾ ചെയ്ത പരിശുദ്ധ അമ്മയെ ആ ശിഷ്യന് ഏൽപിച്ചു കൊടുക്കുകവഴി നമുക്കെല്ലാവർക്കുമാണ് അമ്മയെ നൽകിയത്.

മിഷൻ പ്രദേശങ്ങളിൽ അസ്വസ്ഥതകൾ വർദ്ധിക്കുന്ന ഈ കാലയളവിൽ നമുക്ക് ജപമാല കരങ്ങളിലെടുത്ത് പ്രാർത്ഥിക്കാം. കുടുംബങ്ങളിലെ വിശ്വാസ വളർച്ചയ്ക്കും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിക്കാം.

# നിലനിൽപ്പിനുള്ള രക്ഷാമന്ത്രം



## അകം പുറം

കെ. എഫ്. ജോർജ്

ഒരുകാലത്ത് പ്രശസ്തമായിരുന്ന തറവാടുകളുടെ പേരുകൾ പോലും ഇപ്പോൾ ആരും ഓർക്കുന്നില്ല. ഇതുപോലെയാണ് ചില സ്ഥാപനങ്ങളുടെ കാര്യവും.

വീടുകളിൽ അംഗങ്ങളുടെ ഐക്യമില്ലായ്മയായിരിക്കും വൃദ്ധിക്ഷയത്തിന്റെ പ്രധാന കാരണം. പരസ്പരം മത്സരിച്ചാണ് ചില വീടുകളുടെ ഐശ്വര്യം എല്ലാവരും ചേർന്ന് തകർക്കുന്നത്. ഇങ്ങനെയുള്ള വീടുകളിൽ ആത്മീയ ചൈതന്യത്തിന്റെ അഭാവവുമുണ്ടാകും.

തകരുന്ന വീടുകളെയും നാടുകളെയും കുറിച്ച് ഓർക്കുമ്പോഴെല്ലാം വിശുദ്ധ മദർ തെരേസ 1994ൽ കോഴിക്കോട്ട് വന്നപ്പോൾ നൽകിയ സന്ദേശം ഓർത്തുപോകും. അന്ന് മിഷണറീസ് ഓഫ് ചാരിറ്റിയുടെ അനാഥ സ്ത്രീകളുടെ അഭയകേന്ദ്രമായ 'സ്നേഹ ഭവനി'ൽ വച്ച് നൽകിയ അഭിമുഖത്തിൽ മദർ പറഞ്ഞു: 'ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം നിലനിൽക്കും. പ്രാർത്ഥിക്കുന്ന രാഷ്ട്രം നിലനിൽക്കും. ഒരുമയും പ്രാർത്ഥനയുമില്ലെങ്കിൽ എല്ലാം ശിഥിലമാകും.'

ദാരിദ്ര്യത്തിന്റെ പൊറുതികേടിൽ നിന്നു രക്ഷതേടി മലബാറിലെത്തിയവർ പിടിച്ചു കയറിയത് ഐക്യവും പ്രാർത്ഥനയും കൊണ്ടാണ്. പള്ളിഷെഡ് തകർന്ന് കുട്ടി മരിച്ചപ്പോൾ വറുതിയുടെ കാലത്തും പെട്ടെന്ന് ഉറപ്പുള്ള പള്ളി പണിയാൻ അവർക്ക് കൂട്ടായത് വിശ്വാസികളുടെ ഐക്യവും പ്രാർത്ഥനയുമാണ്. പ്രാർത്ഥനയും അധ്വാനവും പരസ്പര പൂരകമായപ്പോൾ റോഡു വെട്ടിയും പാലം പണിതും പള്ളിക്കൂടങ്ങൾ നിർമ്മിച്ചും നാടിനെ ഐശ്വര്യത്തിലേക്കു നയിച്ചതു ദൈവപരിപാലനയുടെ അത്ഭുതകരമായ സാക്ഷ്യങ്ങളായി.

ഈ അനുഗ്രഹത്തിന്റെ ഓർമപോലും പ്രചോദനാത്മകമാണ്. അതുകൊണ്ടാണ് അസ്തിവാരമിട്ട കാരണവന്മാരുടെ ചിത്രങ്ങൾ വീടുകളുടെ പ്രമുഖസ്ഥാനത്ത് അലങ്കരിച്ചു വയ്ക്കുന്നത്. തുടക്കമിട്ടവരുടെ ഓർമദിനങ്ങൾ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും കൊണ്ടാടുന്നതും ഇതേ ലക്ഷ്യത്തോടെയാണ്.

കൂട്ടായ്മയുടെ അനിവാര്യതയും ശക്തിയും വചനം വിളംബരം ചെയ്യുന്നു. രണ്ടു പേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും പിതാവ് നിറവേറ്റിത്തരുമെന്ന് വാക്കു ലഭിച്ചിട്ടുണ്ട്. 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ അവരുടെ മധ്യേ ഞാനുണ്ടെന്ന' ഉറപ്പ് ഏതു പ്രതിസന്ധിയിലും വഴിവിളക്കാകേണ്ടതാണ്. ഒരു കൂട്ടത്തിന്റെ തീവ്രമായ ആഗ്രഹം പ്രാർത്ഥനയായി ഉയരുമ്പോൾ അവർ ദൈവത്തോടു സംസാരിക്കുകയും ദൈവത്തെ



കേൾക്കുകയും ചെയ്യുന്നു. കൂട്ടായ പ്രാർത്ഥന അതിലുള്ള അംഗങ്ങളെ ചേർത്തു നിർത്തുന്നു. തളരുമ്പോൾ താങ്ങാൻ മറ്റൊരാൾ ഉണ്ടെന്നത് എത്ര ആശ്വാസമാണ്.

മൃഗങ്ങളുടെയും കുഞ്ഞുജീവികളുടെയും ജീവിതരീതി മനുഷ്യനു പാഠമാകുന്നില്ല. ഉറുമ്പുകൾ വലിയ ഇരകളെ സംഘടിത ശക്തിയിലൂടെ അവരുടെ താവളത്തിലേക്ക് വഹിച്ചുകൊണ്ടുപോകുന്നത് കാണാം. ചെന്നായക്കൂട്ടം വലിയ മൃഗങ്ങളെ വളഞ്ഞു കീഴ്പ്പെടുത്തുന്നു. ഒറ്റയ്ക്കു കാണുമ്പോൾ പാവമെന്നു തോന്നുന്ന തെരുവുനായ്ക്കൾ കൂട്ടം കൂടുമ്പോൾ എന്തൊരു ക്രൗര്യത്തോടെയാണ് മനുഷ്യനെ ഓടിച്ചു കടിക്കുന്നത്!

ഒറ്റപ്പെടുന്ന മനുഷ്യൻ മൂകനാകും. ഇന്റർനെറ്റും സ്മാർട്ട്ഫോണും സമൂഹമാധ്യമങ്ങളുമെല്ലാം പൊതുസമ്മേളന നഗരിയിലെന്ന പോലെ മനുഷ്യനെ വെള്ളിവെളിച്ചത്തു നിർത്തുമ്പോഴും ഉള്ളിൽ ഒറ്റപ്പെടലിന്റെ ഏകാന്തത വിടാതെ പിന്തുടരുന്നു. ഇത് അവനെ ലഹരിയിലേക്കും കുടുംബ തകർച്ചയിലേക്കും അക്രമത്തിലേക്കുമെല്ലാം തള്ളിവിട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ മാധ്യമങ്ങളിൽ നിറയുന്നു.

മറ്റു സൃഷ്ടികളെപ്പോലെ മനുഷ്യനും സമൂഹ ജീവിയായതുകൊണ്ടാണ് ഒറ്റപ്പെടൽ അവനെ പേടിപ്പെടുത്തുന്നത്. പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകളിലാണല്ലോ പ്രപഞ്ചത്തിന്റെ നിലനിൽപ്പ്. അതുകൊണ്ട് ഒറ്റയാനാകുമ്പോൾ അവർ പ്രപഞ്ചവുമായും അതുവഴി ദൈവവുമായുള്ള കണ്ണി മുറിക്കുന്നു.

ചുറ്റും അന്ധകാരം നിറയുമ്പോൾ വെളിച്ചത്തിന്റെ മിന്നലിനായുള്ള കാത്തിരിപ്പാണ് പ്രാർത്ഥന. കൂട്ടായ്മയുടെയും പ്രാർത്ഥനുടെയും ശക്തിയാണ് പ്രാർത്ഥനാ കേന്ദ്രങ്ങളിൽ നിറയുന്നത്. ദുരനുഭവങ്ങളുടെ കൊടുങ്കാറ്റിൽ വീഴാതെ പിടിച്ചു നിൽക്കാൻ അത് അവരെ പ്രാപ്തരാക്കുന്നു. വൈദ്യശാസ്ത്രത്തിന് ഇനി ഒന്നും ചെയ്യാനില്ലെന്ന് പറഞ്ഞ് ഭിഷഗ്വരന്മാർ കൈ ഒഴിയുമ്പോഴും ഉന്നതങ്ങളിൽ നിന്ന് രോഗസൗഖ്യവും ശാന്തിയും പെയ്തിറങ്ങിക്കൊണ്ടേയിരിക്കുന്നു.

ഐക്യവും പ്രാർത്ഥനയുമില്ലാത്ത ഇടങ്ങളെല്ലാം വിശുദ്ധ മദർ തെരേസ മുന്നറിയിപ്പു നൽകിയതു പോലെ ജീർണിച്ച് ചരിത്ര വിസ്മൃതിയിലേക്ക് തള്ളപ്പെടുന്നു.

# പെരുകുന്ന അക്രമങ്ങൾ

## പെർസിക്യൂഷൻ റിലീഫ് എന്ന ഇന്ത്യൻ സംഘടനയുടെ റിപ്പോർട്ട് പ്രകാരം ക്രിസ്ത്യാനികൾക്കെതിരായ കുറ്റകൃത്യങ്ങൾ 2016 മുതൽ 2022 വരെ 60% വർദ്ധിച്ചു

● *പേജ് ഒന്നിൽ നിന്ന് തുടർച്ച*

ഭാരതത്തിലെ ക്രൈസ്തവ വിരുദ്ധ അക്രമങ്ങളുടെ അടിസ്ഥാനം മതപരമായ കാരണങ്ങളാണ്. അക്രമ പ്രവർത്തനങ്ങളിൽ പ്രധാനമായും പള്ളികൾക്ക് തീയിടൽ, ബലപ്രയോഗത്തിലൂടെ ക്രിസ്ത്യാനികളെ പരിവർത്തനം ചെയ്യുക (ഘർ വാപസി), ശാരീരിക അതിക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ, കൊലപാതകങ്ങൾ, വൈദികർക്കും സിസ്റ്റേഴ്സിനും നേരെയുള്ള അക്രമണങ്ങൾ, ക്രിസ്ത്യൻ സ്കൂളുകൾ കോളജുകൾ, സെമിത്തേരികൾ തുടങ്ങിയവ നശിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

ഇന്ത്യയുടെ ആഭ്യന്തര സുരക്ഷാ മന്ത്രാലയവും ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമ്മീഷനും ക്രിസ്ത്യാനികൾക്കെതിരെ ഓരോ വർഷവും നടക്കുന്ന അക്രമങ്ങൾ ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്. 2020–ലെ കണക്കനുസരിച്ച് ചൈന, ഉത്തര കൊറിയ, പാകിസ്ഥാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങൾക്കൊപ്പം ന്യൂനപക്ഷ പീഡനത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഓൺ ഇന്റർനാഷണൽ റിലീജ്യസ് ഫ്രീഡം (USCIRSF) ഇന്ത്യയെ ടയർ – 1 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ഇത്തരം അക്രമങ്ങളിൽ 10% മാത്രമാണ് സർക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 1964 മുതൽ 1996 വരെ ക്രിസ്ത്യാനികൾക്കെതിരെ 38 അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. എന്നാൽ 1997–ൽ ഇത്തരം 24 സംഭവങ്ങളുണ്ടായി. 1998 മുതൽ ഇന്ത്യൻ ക്രൈസ്തവർ ആക്രമണത്തിന്റെ ഒരു തരംഗത്തെത്തന്നെയാണ് അഭിമുഖീകരിക്കേണ്ടി വന്നത്

1998 –ൽ മാത്രം 90 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ പാർലമെന്റ് കണക്കനുസരിച്ച് 1998 ജനുവരിക്കും 1999 ഫെബ്രുവരിക്കും ഇടയിൽ രാജ്യത്തുടനീളം ക്രിസ്ത്യാനികൾക്കെതിരെ 116 ആക്രമണങ്ങൾ നടന്നു. ന്യൂനപക്ഷ ക്രിസ്ത്യാനികൾ കൂടുതലുള്ളതും, ശക്തമായ ഹിന്ദു ദേശീയ വികാരങ്ങൾ ഉള്ളതുമായ ഇന്ത്യയുടെ വടക്ക് – പടിഞ്ഞാറ് ഭാഗത്താണ് അക്രമങ്ങൾ ഏറെ നടന്നത്.

ദേശീയ ന്യൂനപക്ഷ കമ്മീഷൻ 2001 നവംബറിൽ നടത്തിയ ഒരു സർവേയിൽ 1997–ൽ ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കും ക്രിസ്ത്യാനികൾക്കും നേരെ 27 അക്രമങ്ങളും 1998–ൽ 86 സംഭവങ്ങളും 1999–ൽ 120 സംഭവങ്ങളും 2000–ത്തിൽ 216 അക്രമങ്ങളും റിപ്പോർട്ട് ചെയ്തു. ഓരോ മുപ്പത്തിയാറ് മണിക്കൂറിലും ഒരു ഇന്ത്യൻ ക്രിസ്ത്യാനി ആക്രമിക്കപ്പെടുന്നുവെന്ന് 2001–ൽ ഓൾ ഇന്ത്യ ക്രിസ്ത്യൻ കൗൺസിൽ റിപ്പോർട്ട് ചെയ്തു.

2014–ൽ ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം '2012–നെ അപേക്ഷിച്ച് 2013–ൽ വർഗീയ കലാപങ്ങളുടെ എണ്ണത്തിൽ 30 ശതമാനം വർധനയുണ്ടായി, ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് ഉത്തർപ്രദേശിൽ നിന്നാണ്.'

'ഓപ്പൺ ഡോർസ്' പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പ്രകാരം 2016–ൽ ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കെതിരായ പീഡനം കുത്തനെ വർദ്ധിച്ചു. ക്രൈസ്തവ പീഡനത്തിൽ ഇന്ത്യ ഇന്ന് ലോകത്തിൽ 15–ാം സ്ഥാനത്താണ്. 2014–ന് മുമ്പ് 31–ാം സ്ഥാനത്തായിരുന്നു. പെർസിക്യൂഷൻ റിലീഫ് എന്ന ഇന്ത്യൻ സംഘടനയുടെ റിപ്പോർട്ട് പ്രകാരം ക്രിസ്ത്യാനികൾക്കെതിരായ കുറ്റകൃത്യങ്ങൾ 2016 മുതൽ 2022 വരെ 60% വർദ്ധിച്ചു. 2022–ലെ ആദ്യ ഏഴു മാസങ്ങളിൽ, ക്രിസ്ത്യാനികൾക്കെതിരായി മുന്നൂറിലധികം ആക്രമണങ്ങൾ രാജ്യത്തുടനീളം റിപ്പോർട്ട് ചെയ്യപ്പെട്ടു.



**ഒഡീഷയിലെ ബിഹാബാന്ദിൽ റൂർക്കേല രൂപതയുടെ കീഴിലുള്ള കത്തോലിക്കാ പള്ളിയുടെ ഗ്രോട്ടോയിൽ മാതാവിന്റെ രൂപം തകർത്ത നിലയിൽ**

### തെക്കുകിഴക്കൻ ഗുജറാത്തിൽ

1998–ൽ ഡാങ്സ് ജില്ലയിൽ ക്രിസ്ത്യാനികൾക്കെതിരായ ആക്രമണങ്ങൾ മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. 1997 അവസാനം മുതൽ 1999–ന്റെ ആരംഭം വരെ തെക്കുകിഴക്കൻ ഗുജറാത്തിലെ ഡാങ്സ് ജില്ലയ്ക്ക് ചുറ്റുമുള്ള ക്രിസ്ത്യാനികൾക്കെതിരെ ആക്രമണങ്ങളുടെ വേലിയേറ്റം തന്നെയുണ്ടായി.

ഹിന്ദു ജാഗരൺ മഞ്ച് ഡാങ്സ് ജില്ലയിൽ ക്രിസ്ത്യൻ വിരുദ്ധ റാലികൾ സംഘടിപ്പിച്ചതിനു ശേഷം 1998 ലെ ക്രിസ്മസ് ദിനത്തോടനുബന്ധിച്ചാണ് ആക്രമണങ്ങൾ ആരംഭിച്ചത്. ക്രിസ്ത്യൻ സ്കൂളുകൾ, സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്കെതിരായ ആക്രമണങ്ങൾ വ്യാപകമായിരുന്നു. പ്രാർത്ഥനാ ഹാളുകളും പള്ളികളും തകർക്കുകയും കത്തിക്കുകയും ചെയ്തു.

ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ റിപ്പോർട്ട് പ്രകാരം, 1988 ഡിസംബർ 25 മുതൽ 1999 ജനുവരി 3 വരെ കുറഞ്ഞത് 20 പ്രാർത്ഥനാ ഹാളുകളും പള്ളികളും നശിപ്പിക്കുകയോ കത്തിക്കുകയോ ചെയ്തു. ഡാങ്സിലും അതിന്റെ ചുറ്റുമുള്ള ജില്ലകളിലും ക്രിസ്ത്യാനികളും ക്രിസ്ത്യൻ സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടു, കുറഞ്ഞത് 25 ഗ്രാമങ്ങളെങ്കിലും കത്തിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. മാത്രവുമല്ല, ഇതിന്റെ പരിണിത ഫലമായി ഗുജറാത്തിലുടനീളമുള്ള പ്രാർത്ഥനാ ഹാളുകൾക്കും പള്ളികൾക്കും കേടുപാടുകൾ വരുത്തി.

### ഒഡീഷയിൽ

1999 മാർച്ച് 15–ൽ ഒഡീഷയിലെ ഗജപതി ജില്ലയിലെ രണലൈ ഗ്രാമത്തിലെ ഖമാനി കുന്നിൽ ആലേഖനം ചെയ്യപ്പെട്ട കുരിശ് മായിച്ചതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്നാണ് അക്രമം നടന്നത്. നാടൻ തോക്കുകളും ആയുധങ്ങളുമായി സംഘപരിവാറിന്റെ അനുയായികളെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട 2000 പേരുടെ ഒരു ജനക്കൂട്ടം 157 ക്രിസ്ത്യൻ വീടുകൾ പൂർണ്ണമായും കത്തിക്കുകയും ഗ്രാമത്തിലെ ശേഷിച്ച ക്രിസ്ത്യൻ വീടുകൾ കൊള്ളയടിക്കുകയും ചെയ്തു. 14 ക്രിസ്ത്യാനികൾക്ക് പരുക്കേറ്റു.

### തെക്കൻ കർണാടകയിൽ

2008 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഹിന്ദു ദേശീയ സംഘടനയായ ബജ്റംഗ്ദൾ മംഗലാപുരത്തും തെക്കൻ കർണാടകയുടെ പരിസര പ്രദേശങ്ങളിലും ക്രിസ്ത്യൻ പള്ളികൾക്കും പ്രാർത്ഥനാ ഹാളുകൾക്കും നേരെ വ്യാപകമായി ആക്രമങ്ങൾ നടത്തി. 2008 ഓഗസ്റ്റ് 17 മുതൽ ക്രിസ്ത്യാനികൾക്കെതിരായ നിരവധി ഒറ്റപ്പെട്ട അക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു, ഓഗസ്റ്റ് 29 ന് ഒഡീഷയിൽ നടന്നുകൊണ്ടിരിക്കുന്ന ക്രിസ്ത്യൻ വിരുദ്ധ അക്രമങ്ങൾക്ക് മറുപടിയായി ഇന്ത്യയിലുടനീളമുള്ള 45,000 സ്ഥാപനങ്ങൾ സമാധാനത്തിനും സാമുദായിക സൗഹാർദ്ദത്തിനും വേണ്ടിയുള്ള പ്രാർത്ഥനയിൽ പങ്കെടുത്തു. കർണാടകയിലെ സെന്റ് അലോഷ്യസ് കോളജും (മംഗലാപുരം) മറ്റ് 2000 ക്രിസ്ത്യൻ സ്കൂളുകളും ആക്രമണത്തിന് മുമ്പുള്ള ഓഗസ്റ്റ് 29 നും സെപ്റ്റംബർ 5 നും ഇടയിൽ വിവിധ കാലഘട്ടങ്ങളിലായി ഒറീസയിലെ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് സർക്കാർ ഉത്തരവുകൾ ലംഘിച്ച് പണിമുടക്കി. അത് ഒരു സാധാരണ പ്രവൃത്തി ദിവസമായിരുന്നു. ഉത്തരവുകൾ അനുസരിക്കാത്തതിന് സംസ്ഥാനത്തെ ക്രിസ്ത്യൻ സ്ഥാപനങ്ങളെ സർക്കാർ അപലപിക്കുകയും പ്രധാന ആക്രമണങ്ങൾക്ക് രണ്ടാഴ്ച മുമ്പ് സെന്റ് അലോഷ്യസ് കോളജിന് പുറത്ത് ബജ്റംഗ്ദൾ പ്രകടനം നടത്തുകയും ചെയ്തു. സെപ്തംബർ 14–ന് ഹമ്പൻകട്ടയിലെ മിലാഗ്രേസ് പള്ളിക്ക് സമീപമുള്ള സെന്റ് ക്ലെയറിലെ സിസ്റ്റർമാരുടെ ചാപ്പലിൽ ബജ്റംഗ്ദളിൽ നിന്നുള്ള ഒരു സംഘം യുവാക്കൾ കയറി അത് അശുദ്ധമാക്കിയതോടെയാണ് ആക്രമണം ആരംഭിച്ചത്.

മംഗലാപുരം താലൂക്കിലെയും ദക്ഷിണ കന്നഡ ജില്ലയുടെയും ഉഡുപ്പി ജില്ലയുടെയും ചിക്കമംഗളൂരു ജില്ലയുടെയും മറ്റ് ഭാഗങ്ങളിൽ പട്ടണങ്ങളിലും ഗ്രാമങ്ങളിലും കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് പള്ളികളും മറ്റ് ഇവാഞ്ചലിക്കൽ വിഭാഗങ്ങളുടെ സ്ഥാപനങ്ങളും കോളേജുകളും ഉൾപ്പെടെ 20 ഓളം പള്ളികളും പ്രാർത്ഥനാ ഹാളുകളും തകർക്കപ്പെട്ടു. പിന്നീട് ബാംഗ്ലൂരിലും കാസർഗോഡ് ജില്ലയിലും ഏതാനും ക്രിസ്ത്യൻ സ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ടു.

**പേജ് നാലിൽ തുടരുന്നു ▸**



# കണ്ണീർ വറ്റാത്ത കന്ധമാൽ

**ഒഡീഷയിലെ വ്യാപകമായ മതപീഡനത്താൽ ജന്മഗ്രാമങ്ങളിൽ നിന്ന് ക്രൈസ്തവർ ആട്ടിപ്പായിക്കപ്പെട്ടു. അക്രമങ്ങളിൽ നിരവധി ക്രിസ്ത്യാനികൾ മരിച്ചുവെങ്കിൽ കൂട്ടമായ പലായനം മൂലം ധാരാളം കുടുംബങ്ങൾ അനാഥമായി.**

● *പേജ് മൂന്നിൽ നിന്ന് തുടർച്ച*

**2008** ഓഗസ്റ്റ് 23–ന്, 81 വയസ്സുകാരനായ സ്വാമി ലക്ഷ്മണാനന്ദയുടെ നിഗൂഢമായ കൊലപാതകത്തെ തുടർന്നുള്ള അക്രമത്തിൽ നൂറോളം ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു. 300 പള്ളികളും, 6000 വീടുകളും കൊള്ളയടിക്കപ്പെട്ടു. 56,000 പേർ ഭവനരഹിതരായി. പതിനഞ്ചു വർഷം കഴിഞ്ഞിട്ടും പീഡിതരായ ആയിരങ്ങളുടെ ജീവിതങ്ങൾ തകർന്ന ചില്ലു പാത്രംപോലെ തരിപ്പണമായി കിടക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ വലിയൊരു ഗൂഢതന്ത്രം അരങ്ങേറിയ ഒഡീഷയിലെ കന്ധമാലിൽ ആയിരുന്നുവെന്നതാണ് പച്ചയായ യാഥാർത്ഥ്യം. കന്ധമാൽ കലാപത്തിന് തിരികൊളുത്തിയ സ്വാമി ലക്ഷ്മണാനന്ദയുടെ വധത്തിന് പിന്നിലെ രാജ്യത്തെ നടക്കുന്ന ഉപജാപം നീതിന്യായ വ്യവസ്ഥിതിയെ കബളിപ്പിച്ചു. സ്വാമിയുടെ ഘാതകരെന്നു മുദ്രകുത്തി നിരപരാധികളായ ഏഴ് ക്രിസ്ത്യാനികൾക്ക് അമ്പരപ്പിക്കുന്ന വിധിയിലൂടെ ജീവപര്യന്ത തടവുശിക്ഷ ഉറപ്പുവരുത്തി. നീണ്ടുനിന്ന കലാപത്തെ രാജ്യ ചരിത്രത്തിന്റെ താളുകളിലെ ഒരു അടിക്കുറിപ്പായി എഴുതി തള്ളിയിരിക്കുകയാണ് ബഹുഭൂരിപക്ഷവും.

ജന്മാഷ്ടമി രാത്രിയിലാണ് സ്വാമി ലക്ഷ്മണാനന്ദ വധിക്കപ്പെട്ടത്. വിചിത്രമെന്ന് പറയട്ടെ അന്നേദിവസം സ്വാമിയുടെ വിശ്വസ്തനായ രക്ഷാഭടൻ അവിടെ ഉണ്ടായിരുന്നില്ല. അക്രമികൾ ആശ്രമത്തിൽ പ്രവേശിച്ചപ്പോൾ മറ്റു പോലീസുകാരും ഓടിപ്പോയി. വിദൂരമായ നഗരപ്രദേശത്തുനിന്ന് അടിയന്തര സന്ദേശമയച്ച് കാട്ടിലുള്ള ആശ്രമത്തിലേക്ക് എത്തിച്ച ഡോക്ടർമാരോട് ആശ്രമവളപ്പിൽവെച്ചുതന്നെ രാത്രിയിൽ പോസ്റ്റ്മാർട്ടം തിടുക്കത്തിൽ നടത്താൻ കൽപ്പന വന്നു. ക്രിസ്ത്യാനികൾക്ക് നേരെ പ്രതികാരത്തിന് ആഹ്വാനം ചെയ്തുകൊണ്ട് രണ്ടുദിവസം കന്ധമാൽ ചുറ്റി തിരിഞ്ഞുള്ള വിലാപയാത്രയ്ക്ക് ആവശ്യമായ മുഴുവൻ ഒരുക്കങ്ങളും സൂര്യോദയത്തിനു മുമ്പു തന്നെ പൂർത്തിയായിരുന്നു.

സ്വാമിയുടെ കൊലപാതകം നടന്നു മണിക്കൂറുകൾക്കകം 13 കാരനായ ഒരു നിരക്ഷര അനാഥ ബാലൻ ഉൾപ്പെടെ നാലു ക്രിസ്ത്യാനികളെ സംഘപരിവാറുകാർ തല്ലിച്ചതച്ച് പോലീസ് സ്റ്റേഷനിൽ തള്ളി. പോലീസിന് പകരം ഘാതകരുടെ പേരുകൾ പ്രഖ്യാപിച്ചത് വിശ്വഹിന്ദു പരിഷത്ത് നേതാവ് പ്രവീൺ തൊഗാഡിയ ആയിരുന്നു. സ്വാമിയുടെ കൊലപാതകത്തിന് പിറകിലെ ഗൂഢാലോചന സംബന്ധിച്ച് രാഷ്ട്രം വിഡ്ഢിയാക്കപ്പെട്ടത് ഇപ്രകാരമാണ്. മാസങ്ങൾ കഴിഞ്ഞ് വിദൂരമായ കൊട്ടഗഡിൽ നിന്ന് നിരാപരാധികളായ ഏഴു ക്രിസ്ത്യാനികളെ അതിവേഗ കോടതിയിൽ ഹാജരാക്കി. ഏഴു ക്രിസ്ത്യാനികളെ ജീവപര്യന്തം ശിക്ഷിച്ചു. 2019–ലാണ് തങ്ങൾ ഒരിക്കലും ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ നിരപരാധികളായ ഈ ഏഴു ക്രൈസ്തവർക്ക് ജാമ്യം ലഭിച്ചത്. ഇവർ ജയിലിൽ കിടന്ന് നരകിച്ചത് ഈ രാജ്യത്തെ നീതിന്യായ വ്യവസ്ഥയ്ക്ക് ഒരു കളങ്കമാണ്.

ഒഡീഷയിലെ വ്യാപകമായ മതപീഡനത്താൽ ജന്മഗ്രാമങ്ങളിൽ നിന്ന് ക്രൈസ്തവർ ആട്ടിപ്പായിക്കപ്പെട്ടു. സംഘടിത അക്രമങ്ങളിൽ നിരവധി ക്രിസ്ത്യാനികൾ മരിച്ചുവെങ്കിൽ കൂട്ടമായ പലായനം മൂലം ധാരാളം കുടുംബങ്ങൾ അനാഥമായി. അഭയാർത്ഥി ക്യാമ്പുകളിൽ ഡസൻ കണക്കിന് അകാല പ്രസവങ്ങളും ഗർഭിണികളുടെ മരണങ്ങളും ഉണ്ടായി. പതിനായിരക്കണക്കിന് ക്രിസ്ത്യാനികളുടെ പലായനത്തിന് ഫലമായി ശിശുമരണ നിരക്കിന്റെയും ചാപിള്ള പ്രസവത്തിന്റെയും സംഖ്യ ഉയർന്നു. ഈ ക്രിസ്ത്യാനികൾക്ക് അഴുക്കുനിറഞ്ഞ അഭയാർത്ഥി ക്യാമ്പുകളിൽ അഭയം തേടേണ്ടി വന്നു.



പശ്ചിമ ഭുവനേശ്വറിൽ ആക്രമിക്കപ്പെട്ട ദേവാലയം

ക്രൈസ്തവ വിരുദ്ധ അക്രമം ശിശുക്കളുടെ വളർച്ചയിൽ അടിച്ചേൽപ്പിക്കുന്ന ആഘാതം മറ്റൊരു ദുഷ്കീർത്തി കൂടി വരുത്തിവച്ചു – രാജ്യത്തെ അഞ്ചു വയസ്സിന് താഴെയുള്ള ഏറ്റവും ഉയർന്ന ശിശു മരണ നിരക്ക്. കന്ധമാൽ ജില്ലയിൽ മാത്രം ജനിച്ച ഓരോ ആയിരം കുട്ടികളിൽ അഞ്ചുവയസ്സിന് മുമ്പുള്ള മരണം 145 എന്ന നിലയിലേക്ക് ഉയർന്നു. 'ആനുവൽ ഹെൽത്ത് സർവ്വേ ബുള്ളറ്റിൽ ഓഫ് ഇന്ത്യ'യുടെ കണക്കുപ്രകാരം ആണിത് .

## ഇനിയും മായാത്ത മുറിപ്പാട്

ഒഡീഷയിലെ കിയോൻജിർ ജില്ലയിലെ മനോഹർപൂർ ഗ്രാമത്തിൽ, 1999 ജനുവരി 22 രാത്രി ഓസ്ട്രേലിയൻ ബാപ്റ്റിസ്റ്റ് മിഷനറിയായ ഗ്രഹാം സ്റ്റുവർട്ട് സ്റ്റൈനെയും അദ്ദേഹത്തിന്റെ മക്കളായ പത്ത് വയസ്സുള്ള ഫിലിപ്പിനെയും എട്ടുവയസ്സുള്ള തിമോത്തിയേയും ജീവനോടെ ചുട്ടുകരിച്ചു. ബജ്റങ്ദൾ നേതാവായ ദാരാസിങ് നയിച്ച ഒരു സംഘം ആയിരുന്നു ഗ്രഹാമിനെയും മക്കളെയും വാനിൽ ഉറങ്ങിക്കിടക്കുമ്പോൾ തീകൊളുത്തി കൊന്നത്. 1965 മുതൽ ഗ്രഹാം സ്റ്റെയ്നും ഭാര്യ ഗ്ലാഡിസ് സ്റ്റെയിനും ഒഡീഷയിലെ ബാരിപെടയിൽ കുഷ്ഠരോഗ ആശുപത്രി നടത്തുകയായിരുന്നു.



ഗ്രഹാം സ്റ്റുവർട്ട് സ്റ്റൈനും കുടുംബവും

ഈ ദുരന്തത്തിന്റെ 9 മാസങ്ങൾക്കു ശേഷം ഫാ. അരുൾ ദാസിന്റെ രക്തസാക്ഷിത്വത്തിനുകൂടി ഒഡീഷ സാക്ഷ്യം വഹിച്ചു. ഒഡീഷയിലെ പാവപ്പെട്ട ഗോത്രവർഗ്ഗക്കാർക്കിടയിൽ പ്രവർത്തിച്ച ബാലസോർ രൂപതാ വൈദികനായിരുന്നു അദ്ദേഹം. മയൂർഭഞ്ച് ജില്ലയിലെ ഗ്രാമമായ ജംബാനിയിൽ 1999 സെപ്റ്റംബർ ഒന്നിന് രാത്രിയിൽ ഹിന്ദുതീവ്രവാദികളുടെ ഒരു സംഘത്തിന്റെ ക്രൂരമായ അക്രമത്തിൽ കൊല്ലപ്പെട്ടു.



ഫാ. അരുൾ ദാസ്

## ലൈംഗിക അതിക്രമങ്ങൾ

വംശീയ പീഡനവും സംഘർഷവും ഉള്ള പ്രദേശങ്ങളിൽ ലൈംഗിക അതിക്രമം ആയുധമായി സ്ത്രീകൾക്കെതിരെ എല്ലാക്കാലത്തും എവിടെയും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. വടക്കേ ഇന്ത്യയിലെ വിവിധ ഗ്രാമങ്ങളും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും ഇതിന് അപവാദമല്ല. സ്ത്രീത്വത്തിനെതിരെയുള്ള ഏറ്റവും നിന്ദ്യമായ പ്രവൃത്തിയാണ് ബലാത്സംഗം. ചെറിയ പെൺകുട്ടികൾ, അമ്മമാർ, പ്രായംചെന്ന വിധവകൾ, കന്യാസ്ത്രീകൾ എന്നിവരും ഉൾപ്പെടെ നിരവധി സ്ത്രീകളാണ് വടക്കേ ഇന്ത്യയിലെ ക്രൈസ്തവ വിരുദ്ധ അക്രമവേളയിൽ ബലാത്സംഗത്തിന് ഇരകളായത്.

ലൈംഗിക അതിക്രമത്തിന്റെയും പീഡനത്തിന്റെയും മറ്റു നിരവധി റിപ്പോർട്ടുകളുണ്ട്. ഇതിനോടനുബന്ധിച്ച മാനക്കേട് മൂലം ഇത്തരം നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകാനുള്ള സാധ്യത വളരെ കൂടുതലാണ്. മരണത്തെക്കാൾ ദയനീയമാണ് ബലാസംഗം ചെയ്യപ്പെട്ട സ്ത്രീയുടെ ഭാവി. സമൂഹത്തിന്റെ ഇടയിൽപ്പോലും ഒറ്റപ്പെടലും അപമാനവും അവൾ നേരിടേണ്ടിവരുന്നു.

2008 ഒക്ടോബർ 25–ന് ന്യൂഡൽഹിയിൽ നൂറുകണക്കിന് ആളുകൾ തിങ്ങി നിറഞ്ഞ ഒരു പത്രസമ്മേളനം അഭിസംബോധന ചെയ്യുന്നതിൽ അനിതര സാധാരണമായ ധീരത പ്രകടിപ്പിച്ച ഒഡീഷയിൽ ബലാത്സംഗം ചെയ്യപ്പെട്ട കന്യാസ്ത്രി പറഞ്ഞ നെഞ്ചുകീറുന്ന വാക്കുകൾ ആരും മറക്കില്ല. 2008 ആഗസ്റ്റ് 25–ന് ആയിരുന്നു ഭാരതാംബയുടെ ഹൃദയത്തിലെ മായാത്ത ഈ മുറിവുണ്ടായത്. സംശുദ്ധതയുടെയും സേവനത്തിന്റെയും പ്രാർത്ഥനയുടെയുമായ ഒരു ജീവിതത്തിന് സമർപ്പിക്കപ്പെട്ട സന്യാസിനിയുടെ ബലാത്സംഗത്തെക്കുറിച്ച് അന്വേഷിക്കാൻ ഒഡീഷ സർക്കാർ താല്പര്യപ്പെട്ടില്ല എന്നു മാത്രമല്ല ഈ സംഭവത്തെ വളരെ നിസംഗതയോടെയാണ് ചിത്രീകരിച്ചത്. ഇരയുടെ സ്വത്വം സംരക്ഷിക്കണമെന്ന നിയമം പോലും ഈ സന്യാസിനിക്ക് ബാധകമായിരുന്നില്ല. മാധ്യമങ്ങളിലൂടെ കന്യാസ്ത്രീയുടെ പേരു പുറത്തായപ്പോൾ മാനസികമായി ഇവർ തീർത്തും തളർന്നു. ഒരു ഇരയുടെ ദുരന്തപൂർണ്ണമായ ജീവിതം മാത്രമാണിത്. ഇതുപോലെ ആയിരക്കണക്കിന് ക്രൈസ്തവ സ്ത്രീകൾ നിയമപാലകർ പോലും നിശബ്ദ കാണികളായി വർത്തിച്ചു കൊണ്ട് അരാജകത്വത്തിന്റെ ഇരകളായി മാറുന്നു.

**പേജ് അഞ്ചിൽ തുടരുന്നു ▸**

## സിസ്റ്റർ റാണി മരിയ: പുണ്യ നക്ഷത്രം



കത്തോലിക്ക സഭയിൽ പുണ്യ നക്ഷത്രമായി ജ്വലിച്ചു നിൽക്കുന്ന രക്തസാക്ഷിയാണ് സിസ്റ്റർ റാണി മരിയ. ഭാരതസഭയിലെ ആദ്യ വനിതാ രക്തസാക്ഷി എന്ന ഖ്യാതിയോടെയാണ് സിസ്റ്റർ റാണി മരിയ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടത്. പെരുമ്പാവൂരിനടുത്ത് പുല്ലുവഴി വട്ടാലിൽ പൈലി–ഏലീശ്വ ദമ്പതിമാരുടെ ഏഴുമക്കളിൽ രണ്ടാമത്തവളാണ് സിസ്റ്റർ റാണി മരിയ. സഭാവസ്ത്ര സ്വീകരണത്തിന് ശേഷം ഭോപ്പാൽ പ്രൊവിൻസിലേയ്ക്ക് ലഭിച്ച മാറ്റമായിരുന്നു സിസ്റ്റർ റാണി മരിയയുടെ ജീവിതം മാറ്റി മറിച്ചത്.

മധ്യപ്രദേശിലെ ഉദയ് നഗറിലെ പാവപ്പെട്ട കർഷകർക്കിടയിലായിരുന്നു സിസ്റ്റർ റാണി മരിയയുടെ പ്രവർത്തനം. വർഷം തോറും കൃഷി ചെയ്യാൻ ജന്മിമാരിൽ നിന്ന് കടം വാങ്ങുകയും ആ തുക തിരിച്ചു നൽകാൻ കഴിയാതെ അവർക്ക് അടിമപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലായിരുന്നു അവിടുത്തെ കർഷകർ.

വരുമാനത്തിന്റെ വിഹിതം ബാങ്കിൽ നിക്ഷേപിച്ച് കൃഷി ചെയ്യാനും വട്ടിപ്പലിശക്കാരുടെ മുന്നിൽ ജീവിതം പണയം വയ്ക്കാതിരിക്കാനും ഉദയ്പൂരിലെ കർഷകരെ സിസ്റ്റർ റാണി മരിയ പഠിപ്പിച്ചു. കർഷകരെ സ്വയം തൊഴിലിൽ പ്രാവീണ്യമുള്ളവരാക്കാനും സിസ്റ്റർ റാണി മരിയയ്ക്കു സാധിച്ചു. ഒപ്പം ഏകാധ്യാപക വിദ്യാലയം സ്ഥാപിച്ച് പാവപ്പെട്ട കർഷകരുടെ കുട്ടികൾക്ക് അറിവു പകർന്നു നൽകാനും സിസ്റ്റർ ശ്രദ്ധിച്ചു.

കർഷകരെ സ്വന്തം കാലിൽ നിൽക്കാൻ സഹായിച്ചതോടെ സിസ്റ്റർ റാണി മരിയ ജന്മിമാരുടെ നോട്ടപ്പുള്ളിയായി. സിസ്റ്ററുടെ പ്രവർത്തനങ്ങളിൽ വിറളി പൂണ്ട ജന്മിമാർ സിസ്റ്റർ റാണി മരിയയെ കൊലപ്പെടുത്താൻ വാടകഗുണ്ടയെ ഏർപ്പാടാക്കി. 1995 ഫെബ്രുവരി 25ന് ഉദയ് നഗറിൽ നിന്ന് കേരളത്തിലേക്ക് പുറപ്പെട്ട സിസ്റ്റർ സമുന്ദർ സിങ്ങെന്ന വാടകഗുണ്ടയുടെ കൊലക്കത്തിക്കിരയായി നാൽപ്പത്തിയൊന്നാം വയസ്സിൽ രക്തസാക്ഷിത്വം വരിച്ചു. ബസിൽ യാത്ര ചെയ്യുകയായിരുന്ന സിസ്റ്റർ റാണി മരിയയെ 54 തവണയാണ് അക്രമി കുത്തിയത്.

# കരളലിയിപ്പിക്കുന്ന മണിപ്പൂർ

**മറ്റൊരു ഗോത്രത്തിലെ വ്യക്തികളുടെ തലകൊയ്ത് ധീരതതെളിയിക്കുന്ന 'ഹെഡ് ഹണ്ടിങ്' ഉൾപ്പെടെയുള്ള പ്രാകൃതമായ രീതികളിൽ നിന്ന് യഥാർത്ഥ മനുഷ്യരായി ഗോത്രവർഗങ്ങളെ രൂപപ്പെടുത്തിയത് ക്രൈസ്തവ മിഷനറിമാരാണ്**

● *പേജ് നാലിൽ നിന്ന് തുടർച്ച*

മണിപ്പൂരിലെ 90 ശതമാനം ഭൂമിയും മലപ്രദേശങ്ങളാണ്. ബാക്കി 10 ശതമാനം താഴ്വരപ്രദേശവും. ജനസംഖ്യയുടെ മൂന്നിലൊന്നു വരുന്ന മെയ്തേയി വിഭാഗക്കാരാണ് താഴ്വരയിൽ വസിക്കുന്നത്. മെയ്തേയി വിഭാഗത്തിന് മലപ്രദേശങ്ങളിൽ സ്ഥലം വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. സംസ്ഥാന നിയമസഭയിലെ 60 സീറ്റിൽ 40 ഉം താഴ്വര മേഖലകളിലാണ്. അതുകൊണ്ട് ഭരണനിയന്ത്രണവും അവർക്കു തന്നെ. പ്രമുഖ ഗോത്രവർഗ്ഗങ്ങളായ കുക്കി, നാഗ തുടങ്ങിയ ചെറുതും വലുതുമായ 33 ഗോത്രവർഗങ്ങളാണ് മലപ്രദേശങ്ങളിൽ വസിക്കുന്നത്. സമീപ ഇന്ത്യൻ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലും മ്യാൻമാറിലും ഇവയിൽ പല ഗോത്രങ്ങളും ഉണ്ട്.

ഗോത്രവർഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പണ്ടുമുതലേ ഉണ്ടെങ്കിലും ആധുനിക കാലത്ത് മണിപ്പൂർ പൊതുവേ ശാന്തമായിരുന്നു. ഈയടുത്ത കാലത്തായി തീവ്രമതചിന്തകളുള്ള ഒരു വിഭാഗം മെയ്തേയ് ജനതയ്ക്കിടയിൽ സ്വാധീനം ഉറപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മെയ്തേയ് വിഭാഗക്കാർക്ക് പട്ടികവർഗ സംവരണം നൽകാനും അങ്ങനെ മലകളിൽ അവർക്ക് സ്ഥലം വാങ്ങാനും അനുമതി ലഭിക്കുന്നതിനുമുള്ള നിയമനിർമ്മാണം സംബന്ധിച്ച പ്രശ്നങ്ങളാണ് ഇപ്പോഴത്തെ കലാപത്തിന്റെ കാരണമായി ഉയർത്തിക്കാട്ടുന്നത്. എന്നാൽ ഈ പ്രശ്നത്തിന്റെ പേരിൽ മണിപ്പൂരിൽ ക്രൈസ്തവ വിശ്വാസത്തെ വേരോടെ പിഴുതെറിയുക എന്ന അജൻഡയാണ് ചിലർ നടപ്പാക്കുന്നത് എന്നുവേണം മനസിലാക്കാൻ.

കുക്കി–മെയ്തേയ് ഇരുവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നത്തിൽ എന്തിന് ക്രിസ്ത്യൻ ദൈവാലയങ്ങൾ മാത്രം വ്യാപകമായി അക്രമിക്കപ്പെടണം? 36 മണിക്കൂറിനുള്ളിൽ ചാമ്പലായത് ഇരുന്നൂറ്റി അമ്പതിലധികം ദൈവാലയങ്ങളാണെന്ന് ഓർക്കണം. അതും മെയ്തേയ് വിഭാഗത്തിലെ ക്രിസ്തീയ ദൈവാലയങ്ങൾ. തങ്ങളുടെ ഇടയിലെ ഒരു വിഭാഗം ക്രിസ്ത്യാനികളായി തുടരുന്നത് മെയ്തേയ് സംസ്കാരത്തിന് ദോഷമാണെന്ന പ്രചാരണം കുറച്ചുനാളുകളായി ഒരു കൂട്ടർ നടത്തികൊണ്ടിരിക്കുകയാണ്. 'ഘർ വാപസി'യിലൂടെ തിരികെ ഹിന്ദു മതത്തിലേക്ക് മടങ്ങാനും മെയ്തേയ് ക്രിസ്ത്യാനികൾ നിർബന്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ 'സനാമഹിസം' എന്ന മതമാണ് മെയ്തേയികളുടെ ഔദ്യോഗികമതം. 14 ശതമാനം മെയ്തേയ്കൾ മാത്രമാണ് 'സനാമഹിസം' അഥവാ മെയ്തേയിസം ഇപ്പോൾ പിന്തുടരുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മണിപ്പൂർ രാജാവായിരുന്ന പാംഹെയ്ബ ഹിന്ദുമതം സ്വീകരിച്ചതോടെയാണ് ഭൂരിഭാഗം മെയ്തേയികളും ഹിന്ദുമതവിശ്വാസികളായത്.

മറ്റൊരു ഗോത്രത്തിലെ വ്യക്തികളുടെ തലകൊയ്ത് ധീരതതെളിയിക്കുന്ന 'ഹെഡ് ഹണ്ടിങ്' ഉൾപ്പെടെയുള്ള പ്രാകൃതമായ രീതികളിൽ നിന്ന് യഥാർത്ഥ മനുഷ്യരായി ഗോത്രവർഗങ്ങളെ രൂപപ്പെടുത്തിയത് ക്രൈസ്തവ മിഷനറിമാരാണ്. ഇന്ന് ഗോത്രവർഗയുവാക്കളിൽ നല്ലൊരു ശതമാനം ഉന്നതവിദ്യാഭ്യാസമുള്ള, ഇംഗ്ലീഷ് സംസാരിക്കുന്ന പല രാജ്യങ്ങളിലും ഉത്തരവാദിത്വമുള്ള ജോലികൾ ചെയ്യാൻ തക്കവിധത്തിൽ കഴിവുള്ള വ്യക്തികളായി മാറിയെങ്കിൽ അതിനു പിന്നിൽ ക്രൈസ്തവ മിഷനറിമാരുടെ ക്രിസ്തു സ്നേഹത്തെപ്രതിയുള്ള അശ്രാന്തപരിശ്രമം ഒന്നു മാത്രമാണ്.



## ഓരോ പീഡനപർവവും ശേഷിപ്പിക്കുന്നത്

മണിപ്പൂരിലെ പീഡനനാളുകളുടെ പരിണിതഫലത്തെക്കുറിച്ച് രാഷ്ട്രീയ, ഭൗതിക സാഹചര്യങ്ങളുടെ കൂട്ടിക്കിഴിക്കലുകൾ നടത്തി പലതും പറയാനാകും. എന്നാൽ ആത്മീയ കാഴ്ച്ചപ്പാടോടെ ഒരു വിശ്വാസിക്ക് ഒന്നേ പറയാനാകൂ. അത് മലകളുടെ ആ നാട് മുഴുവൻ ക്രിസ്തുവിനെ അറിയുന്നവരായി മാറും എന്നുള്ളതാണ്. സഭയുടെ ഇന്നുവരെയുള്ള ചരിത്രവും മറ്റൊന്നല്ല, ക്രിസ്തു ശിഷ്യരെ മൃഗങ്ങൾക്ക് ഭക്ഷണമാക്കാൻ ഇട്ടുകൊടുത്ത, അവരുടെ മരണം വിനോദത്തിന് അവസരമാക്കിയ, ക്രിസ്ത്യാനികളെ തെരുവിൽ പന്തങ്ങളായി കത്തിച്ച റോം ഇന്ന് സഭയുടെ ആസ്ഥാനമായത് യാദൃശ്ചികമല്ല, ദൈവപ്രവൃത്തിയാണ്. 'രക്തസാക്ഷികളുടെ ചുടുനിണം സഭാതരുവിന് വളക്കൂറുള്ള നിലമാണ്' എന്ന തെർത്തുല്യന്റെ വാക്കുകൾ അർത്ഥപൂർണമാണ്. ഈ പരിവർത്തനങ്ങൾ ഇന്നോ നാളെയോ സംഭവിക്കണമെന്നില്ല. ഒരു പക്ഷേ അത് നമ്മുടെ ജീവിത കാലയളവിൽ സംഭവിച്ചില്ലെന്നും വരാം, എങ്കിലും അത് സംഭവിക്കുക തന്നെ ചെയ്യും.

നാലു കുടുംബങ്ങൾക്ക് വേണ്ടി മാത്രം കാടും പുഴയും താണ്ടി കിലോമീറ്ററുകൾ യാത്രചെയ്ത് കുർബാനയർപ്പിച്ചിരുന്ന ഒറീസയിലെ അരുൾദാസച്ചൻ അമ്പുകളേറ്റു പിടഞ്ഞുവീണു രക്തസാക്ഷിയായതോടെ ആ ഗ്രാമത്തിലെ ക്രൈസ്തവ വിശ്വാസം അസ്തമിക്കുകയല്ല ചെയ്തത്. ഇന്നവിടെ നൂറുകണക്കിന് ക്രൈസ്തവ കുടുംബങ്ങളുണ്ട്. അനേകം അൾത്താരകളിൽ അനേകായിരം വിശ്വാസികൾ പങ്കുചേർന്നു ദിവ്യബലികളർപ്പിക്കപ്പെടുന്നു. ഒരൊറ്റ വ്യക്തിയുടെ രക്തസാക്ഷിത്വത്തിന്റെ വിലയാണിതെന്നോർക്കണം.

മണിപ്പൂരിലെ കത്തിച്ചാമ്പലായ ദൈവാലയങ്ങൾ, ഗ്രാമങ്ങൾ, വധിക്കപ്പെട്ട ഗ്രാമീണർ, അനാഥരാക്കപ്പെട്ട കുടുംബങ്ങൾ, കുരുന്നുകൾ നേരിൽ കണ്ട ഈ കാഴ്ച്ചകളും അറിവുകളും ഹൃദയത്തെ നീറ്റുമ്പോഴും പീഡിതരും പീഡകരും ഒന്നിച്ചൊരുമയോടെ വലിയൊരു വിശ്വാസസമൂഹമായി ക്രിസ്തുവിനെ ആരാധിക്കുന്ന പ്രത്യാശ നിറഞ്ഞ ഭാവികാലത്തെ വിശ്വാസക്കണ്ണാൽ കണ്ട് പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മണിപ്പൂരിലെ സഹോദരങ്ങളെ, ആ നാടിനെ ദൈവകരങ്ങളിൽ സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. ആ സഹോദരങ്ങളെ സഹായിക്കാം.

## അവരും അറിയണം സത്യദൈവത്തെ

ദൈവം അനുവദിച്ചില്ലെങ്കിൽ സഭയെയോ, ദൈവിക സംവിധാനങ്ങളെയോ ഒന്നു തൊടാൻ ഒരു ശക്തിക്കും സാധിക്കുകയില്ല. ഇക്കാര്യം വ്യക്തമാക്കിത്തരാൻ പരിശുദ്ധാത്മാവ് എനിക്ക് നേരിൽ കാണിച്ചുതന്ന രണ്ട് ദൃശ്യങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. ഇംഫാൽ രൂപതയുടെ കീഴിലുള്ള സെന്റ് പോൾ ദൈവാലയത്തിലെ ഒരു മുറിയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ ഒരു രൂപം മൂന്നടി ഉയരമുള്ള പീഠത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു മുറിയിൽ തടിഫ്രെയിമിൽ ചില്ലിട്ട ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ മറിയത്തിന്റെ ഫോട്ടോയുണ്ടായിരുന്നു. പീഠത്തിൽ നിന്ന് പരിശുദ്ധ മറിയത്തിന്റെ രൂപം തള്ളിമറിച്ചിട്ടതിന് ശേഷമായിരുന്നു കലാപകാരികൾ ആ ദൈവാലയം അഗ്നിക്കിരയാക്കിയത്. ആ മുറികൾ പൂർണമായി കത്തിയമർന്നു. ചുറ്റും കരിപിടിച്ച ചുമരുകളുടെ മധ്യത്തിൽ കരിയുടെ പാടുപോലും ഇല്ലാതെ ആ ഫോട്ടോ അവശേഷിച്ചിരുന്നു. അടുത്ത മുറിയിൽ ഒരു പോറൽ പോലും ഏൽക്കാതെ പരിശുദ്ധ അമ്മയുടെ രൂപവും കിടന്നിരുന്നു. ആ ദൃശ്യങ്ങൾ ആരെയും വിസ്മയിപ്പിക്കുന്നതും വിശ്വാസികളെ ശക്തിപ്പെടുത്തുന്നതുമാണ്.

മണിപ്പൂരിൽ പീഡനമേൽക്കുന്ന നമ്മുടെ സഹോദരങ്ങൾ സംരക്ഷിക്കപ്പെടാനും പീഡകർ ദൈവത്തെ അറിയാനും പ്രഭാഷക ഗ്രന്ഥ കർത്താവ് പ്രാർത്ഥിക്കുന്നതുപോലെ നമുക്കും പ്രാർത്ഥിക്കാം. "എല്ലാറ്റിന്റെയും ദൈവമായ കർത്താവേ, ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. എല്ലാ ജനതകളും അങ്ങേ ഭയപ്പെടാൻ ഇടയാക്കണമേ, അന്യജനതകൾക്കെതിരെ അങ്ങ് കരമുയർത്തണമേ, അവിടുത്തെ ശക്തി അവർ ദർശിക്കട്ടെ. അവരുടെ മുമ്പിൽ ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നതുപോലെ ഞങ്ങളുടെ മുമ്പിൽ അവർ അവിടുത്തെ മഹത്വപ്പെടുത്തുവാൻ ഇടയാക്കണമേ, കർത്താവേ ഞങ്ങൾ അങ്ങയെ അറിഞ്ഞതുപോലെ അവരും അങ്ങയെ അറിയുകയും അങ്ങല്ലാതെ മറ്റൊരു ദൈവമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ." (പ്രഭാ 36:1–5)




21–ാം ചരമ വാർഷികം
(20–10–2023)



മത്തായി (കൊച്ചേട്ടൻ)
കളപ്പുരയ്ക്കൽ (മാമ്പാറ)
കൂടരഞ്ഞി

19–ാം ചരമ വാർഷികം
(23–07–2023)



മറിയം മത്തായി
കളപ്പുരയ്ക്കൽ (മാമ്പാറ)
കൂടരഞ്ഞി

സന്തപ്ത കുടുംബാംഗങ്ങൾ, കളപ്പുരയ്ക്കൽ ഫാമിലി


# പ്രേഷിത ചൈതന്യവുമായി സീറോ മലബാർ സഭ

**ഓരോ രൂപതകളും മിഷൻ പ്രദേശങ്ങൾ ഏറ്റെടുക്കുകയും അതത് രൂപതകളുടെ ഒരു ഫൊറോന പോലെ ആ പ്രദേശത്തെ പരിഗണിക്കുകയും ചെയ്താൽ വലിയ മാറ്റങ്ങൾക്ക് അത് വഴിവയ്ക്കും**

**മാർ റാഫേൽ തട്ടിൽ**
(ഷംഷബാദ് രൂപതയുടെ മെത്രാൻ)

സീറോ മലബാർ സഭയിലെ ഏറ്റവും വലിയ രൂപതയാണ് ഷംഷബാദ്. ഇന്ത്യയുടെ മൂന്നിൽ രണ്ട് ഭൂപ്രദേശവും ഷംഷബാദ് രൂപതയുടെ കീഴിലാണ്. 2014–ൽ സീറോ മലബാർ സഭ സിനഡിന്റെ തീരുമാനപ്രകാരമാണ് രൂപത ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിയത്. സീറോ മലബാർ രൂപതയ്ക്ക് പുറത്തുള്ള വിശ്വാസികളെക്കുറിച്ച് പഠിക്കാൻ അപ്പസ്തോലിക്ക് വിസിറ്റേറ്ററെ നിയമിച്ചു. സീറോ മലബാർ രൂപതകളില്ലാത്തയിടങ്ങളിലെ സീറോ മലബാർ വിശ്വാസികളെക്കുറിച്ച് വ്യക്തമായും കൃത്യമായും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായിരുന്നു ഇത്തരത്തിലൊരു വിസിറ്റേറ്ററെ നിയമിച്ചത്. ഇതിന്റെ അന്തിമ ഫലമായാണ് ഷംഷബാദ് രൂപത നിലവിൽ വരുന്നത്.

മാണ്ഡ്യാ രൂപതാ അതിർത്തിക്കപ്പുറം, കർണ്ണാടകയുടെ ബാക്കി ഭാഗങ്ങളും മറ്റു രൂപതകളിൽപ്പെടാത്ത എല്ലാ സംസ്ഥാനങ്ങളെയും കൂട്ടിച്ചേർത്താണ് ഷംഷബാദ് രൂപത രൂപീകരിക്കപ്പെട്ടത്. ഇതോടെ ഇന്ത്യയിൽ മുഴുവൻ സീറോ മലബാർ സഭയ്ക്ക് അധികാര പരിധിയുണ്ടായി. രൂപത സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രിയിൽ മാർ പാപ്പ പറഞ്ഞത് ഇന്ത്യയിലെ മറ്റു 30 രൂപതകളുടെ അധികാര പരിധിക്ക് പുറത്തുള്ള എല്ലാ പ്രദേശങ്ങളും ഷംഷബാദ് രൂപതയുടെ അധീനതയിലായിരിക്കും എന്നാണ്.


മിഷൻ പ്രദേശത്തെ കുട്ടികൾക്കൊപ്പം ബിഷപ് മാർ റാഫേൽ തട്ടിൽ

പുതിയ രൂപതയുടെ കീഴിൽ ഇത്ര വലിയ ഭൂപ്രദേശത്ത് എങ്ങനെ അജപാലന പ്രവർത്തനങ്ങൾ നടത്തുമെന്നത് വലിയൊരു ചോദ്യമായിരുന്നു. എന്നാൽ അപ്പസ്തോലിക് വിസിറ്റേറ്ററായി എല്ലായിടങ്ങളും സന്ദർശിച്ച അനുഭവത്തിൽ മനസിലായത് വലിയ രൂപതകളുടെ സഹകരണത്തോടെ മാത്രമേ കാര്യക്ഷമമായ രീതിയിൽ ഇവിടെ അജപാലന പ്രവർത്തനം നടത്താൻ കഴിയൂ എന്നതാണ്. അതുകൊണ്ട് വിവിധ ഭൂപ്രദേശങ്ങളെ വിവിധ രൂപതകൾക്ക് ഏൽപ്പിക്കുകയാണ് ആദ്യമായി ചെയ്തത്.

ഇറ്റാവ മിഷനും രാജസ്ഥാൻ മുഴുവനും ചങ്ങനാശ്ശേരി രൂപതയുടെ സഹകരണത്തോടെയാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. രാജ്കോട്ട് ഒഴികെ ഗുജറാത്തിലെ മുഴുവൻ ഭൂപ്രദേശങ്ങളിലും പാലാ രൂപതയുടെ സഹകരണത്തോടെയാണ് അജപാലന പ്രവർത്തനങ്ങൾ നടക്കുന്നത്. വിശാഖപട്ടണം മിഷൻ തൃശൂർ രൂപത ഏറ്റെടുത്തു. കൂടാതെ മറ്റു രൂപതകളെല്ലാം ഷംഷബാദ് രൂപതയോടു സഹകരിച്ച് പ്രവർത്തിക്കുന്നത് ഇവിടുത്തെ അജപാലന പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നു.

സഭ വ്യാപിക്കുന്നത് കുടിയേറ്റത്തിലൂടെയാണ്. കുടിയേറ്റക്കാർ മിഷണറിമാരാണ്. ഈ വലിയൊരു കാഴ്ചപ്പാടോടെയാണ് ഷംഷബാദ് രൂപത പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെയാണ് സന്യാസ സഭകളെയും രൂപതകളെയും സഹകരിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ എല്ലായിടത്തും ഷംഷബാദ് രൂപത അജപാലന പ്രവർത്തനങ്ങൾ നടത്തുന്നത്.

ഓരോ രൂപതകളും മിഷൻ പ്രദേശങ്ങൾ ഏറ്റെടുക്കുകയും അതത് രൂപതകളുടെ ഒരു ഫൊറോന പോലെ ആ പ്രദേശത്തെ പരിഗണിക്കുകയും ചെയ്താൽ വലിയ മാറ്റങ്ങൾക്ക് അത് വഴിവയ്ക്കും. മിഷൻ ഒരാളുടെ മാത്രം ഉത്തരവാദിത്വമല്ല. അത് ക്രൈസ്തവരായ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

ഒറ്റപ്പെട്ട സംഭവങ്ങളെ ഊതിപ്പെരുപ്പിച്ച് മിഷൻ പ്രദേശങ്ങളിലാകെ ഭയങ്കര കുഴപ്പമാണെന്നതരത്തിൽ പലപ്പോഴും അവതരിപ്പിച്ച് കണ്ടിട്ടുണ്ട്. അത് ശരിയല്ലെന്നാണ് അഭിപ്രായം. മിഷനിലാകെ അപകടമാണ് എന്ന തരത്തിലാണ് ചിലർ ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ അങ്ങനെയല്ല. പ്രതിസന്ധികളില്ലാതെ മിഷൻ പ്രവർത്തനമില്ല.

ഇന്ത്യ ഹിന്ദുക്കളുടേതാണെന്ന് പറയുന്നവർ രാജ്യത്തിന്റെ ഭരണത്തിലേറുമ്പോൾ മിഷൻ പ്രവർത്തനങ്ങൾക്ക് വലിയ പ്രതിസന്ധി ഉയരുന്നുണ്ട്. പക്ഷെ, പ്രതിസന്ധി കണ്ട് മാറി നിൽക്കാതെ ഭരണഘടന നൽകുന്ന സാധ്യതകളെ പരമാവധി വിനിയോഗിക്കാൻ കഴിയണം.

മിഷൻ പ്രദേശങ്ങൾക്ക് വേണ്ടിയും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കണം. കൂടാതെ മിഷനറിമാരെ പ്രോത്സാഹിപ്പിക്കണം. സാധിക്കുന്ന സാമ്പത്തിക സഹായം നൽകണം. വിശ്രമ ജീവിതം നയിക്കുന്ന ആരോഗ്യമുള്ളവർക്കും മിഷനിൽ ധാരാളം കാര്യങ്ങൾ ചെയ്യാനാകും.

# അൽമായരുടെ സുവിശേഷവത്കരണ മുന്നേറ്റം

**മിഷൻ പ്രദേശങ്ങളുടെ സുവിശേഷവത്കരണ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ഫിയാത്ത് മിഷന്റെ വ്യത്യസ്ത ശുശ്രൂഷാ മേഖലകളെ പരിചയപ്പെടാം**

ലോകസുവിശേഷവത്കരണം ലക്ഷ്യംവച്ചുള്ള കത്തോലിക്കാസഭയിലെ ഒരു അൽമായ മുന്നേറ്റമാണ് ഫിയാത്ത് മിഷൻ. 2006–ൽ ദൈവാത്മപ്രചോദിതനായി, ലോകസുവിശേഷവത്കരണമെന്ന സ്വപ്നവുമായി സ്വന്തമായുണ്ടായിരുന്ന ബിസിനസ് സംരംഭങ്ങളെല്ലാം അവസാനിപ്പിച്ച് മുഴുവൻ സമയവും സുവിശേഷ ശുശ്രൂഷകനായ തൃശ്ശൂർ അതിരൂപതയിലെ ഒല്ലൂർ ഇടവകാംഗമായ സീറ്റ്ലി ജോർജ്ജാണ് പ്രസ്ഥാനത്തിന്റെ അമരക്കാരൻ.

കരിസ്മാറ്റിക്ക് പശ്ചാത്തലമുള്ള, സുവിശേഷത്തെപ്രതി തീക്ഷ്ണമതികളായ പലരും 2008 മുതൽ അദ്ദേഹത്തോടൊപ്പം ചേർന്നു. ബിഷപ് ബോസ്കോ പുത്തൂർ, ബിഷപ് ചാക്കോ തോട്ടുമാരിക്കൽ എസ്.വി.ഡി. എന്നീ അഭിവന്ദ്യ പിതാക്കന്മാർ ഫിയാത്ത് മിഷന്റെ രക്ഷാധികാരികളാണ്. മറ്റൊരു രക്ഷാധികാരിയായിരുന്ന ബിഷപ് ജേക്കബ് മാർ ബർണബാസ് ദിവംഗതനായ ശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായ ബിഷപ് തോമസ് മാർ അന്തോണിയൂസ് രക്ഷാധികാരികളിലൊരാളായി മാറി. ഫാ. ജോസഫ് അന്തിക്കാട് ഈ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാവാണ്.

ദൈവരാജ്യശുശ്രൂഷയിൽ, പ്രത്യേകിച്ച് മിഷൻ പ്രദേശങ്ങളുടെ സുവിശേഷ വത്കരണ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ഫിയാത്ത് മിഷന്റെ വ്യത്യസ്ത ശുശ്രൂഷ മേഖലകളെ പരിചയപ്പെടാം.

## ബിബ്ലിയ

ബൈബിൾ അച്ചടിക്കപ്പെടാത്തതും ലഭ്യതക്കുറവുള്ളതുമായ ഭാഷകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അനുവാദത്തോടെ ബൈബിൾ അച്ചടിച്ച് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക എന്നതാണ് ഫിയാത്ത് മിഷന്റെ പ്രധാന ശുശ്രൂഷ. ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രഭാഷകളായ മാറാം, കർബി, നിഷി, ബോഡോ, വാങ്ചോ, തെലുങ്ക്, സന്താളി, മിസ്സോ, ആദി, കുക്കി കൂടാതെ ബംഗാളി, ഒറിയ, ഹിന്ദി, ആഫ്രിക്കൻ ഭാഷകളായ ലുവാലെ, ലുവാണ്ടെ, മഡഗാസി തുടങ്ങി 23 ഭാഷകളിൽ ഇതിനോടകം ലക്ഷക്കണക്കിന് ബൈബിളുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ ഫിയാത്ത് മിഷന് കഴിഞ്ഞു.

## ബിൽഡ് എ ചർച്ച്

ദരിദ്രരായ ഗ്രാമീണർക്ക് ഒന്നു ചേർന്ന് ബലിയർപ്പിക്കാനും പ്രാർത്ഥിക്കാനും ഒരു ചെറുദേവാലയം മിഷൻ ഗ്രാമങ്ങളുടെ സ്വപ്നമാണ്. ഇതിനോടകം 85 ഗ്രാമങ്ങളിൽ ഇത്തരത്തിലുള്ള വില്ലേജ് ചർച്ചസ് പണിതു നൽകാൻ ദൈവകൃപയാൽ ഫിയാത്ത് മിഷന് അനേകം ദൈവമക്കളുടെ സഹകരണത്തോടെ സാധിച്ചു.

## ഡിസൈപ്പിൾഷിപ്പ് മിനിസ്ട്രി

മിഷൻ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്ക് ആത്മീയ ജീവിതത്തിന്റെ ആഴങ്ങളെക്കുറിച്ചുള്ള അറിവും യഥാർത്ഥ ജീവിത വിശുദ്ധിയും അന്യമാണ്. ഇവരെ ഫിയാത്ത് മിഷനോടൊപ്പം ചേർത്ത് മൂന്ന് മാസക്കാലം വിവിധ ഇടങ്ങളിലായി ധ്യാനങ്ങളിലൂടെയും ജീവിത സാക്ഷ്യങ്ങളിലൂടെയും തീക്ഷ്ണതയുള്ള ക്രിസ്തു ശിഷ്യരാക്കി, സുവിശേഷത്തിനുവേണ്ടി ജീവിക്കുന്നവരായി വാർത്തെടുക്കുന്ന പരിശീലന പദ്ധതിയാണ് ഇത്.

Fiat Mission
HIS VISION, OUR MISSION

## ജിജിഎം മിഷൻ കോൺഗ്രസ്സ്

കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളുടെ യഥാർത്ഥ അവസ്ഥകൾ കേരള ജനതയ്ക്കു പരിചയപ്പെടുത്താനായി 2017 മുതൽ ജിജിഎം (ഗ്രേറ്റ് ഗാതറിങ് ഓഫ് മിഷൻ) മിഷൻ കോൺഗ്രസുകൾ സംഘടിപ്പിക്കുന്നത്.

## സ്ക്രിപ്തൂര

ജനങ്ങളിൽ വചനാഭിമുഖ്യം വളർത്തുക എന്ന ഏകലക്ഷ്യത്തോടെ പരിശുദ്ധാത്മ സന്ദേശമനുസരിച്ചാണ് 2013 ൽ ഫിയാത്ത് മിഷൻ വചനം പകർത്തിയെഴുത്ത് മത്സരം 'സ്ക്രിപ്തൂര' ആരംഭിച്ചത്. എന്നാൽ വചനം എഴുതിയ പലർക്കും ലഭിച്ച രോഗസൗഖ്യങ്ങളും ആത്മീയ അനുഭവങ്ങളും ഈ മത്സരം തുടർന്നും സംഘടിപ്പിക്കാൻ കാരണമായി.

## പാപ്പിറസ്

സുവിശേഷവത്കരണത്തിന്റെ പങ്കുകാരാകാൻ ആഗ്രഹിക്കുന്ന സകലരേയും ബൈബിൾ നിർമ്മാണ വിതരണ ശുശ്രൂഷകളിൽ ഏതെങ്കിലും വിധത്തിൽ പങ്കുകാരാക്കാനുള്ള ഒരു പദ്ധതി 'പാപ്പിറസ്' ഫിയാത്ത് മിഷൻ 2015 മുതൽ നടപ്പാക്കിയിരിക്കുന്നു. ഉപയോഗം കഴിഞ്ഞ നോട്ടുബുക്കുകളും, എല്ലാ വിധത്തിലുമുള്ള പഴയ പേപ്പറുകളും വ്യക്തികളുടെയും സംഘടനകളുടെയും സഹകരണത്തോടെ ശേഖരിച്ച് ഫിയാത്ത് മിഷൻ പേപ്പർ കമ്പനികളിലേല്പ്പിക്കുന്നു. പേപ്പർ കമ്പനിക്കാർ അതിന്റെ വിലയ്ക്ക് തുല്യമായ ബൈബിൾ പ്രിന്റിംഗ് പേപ്പർ ഫിയാത്ത് മിഷന് നൽകും.

## ഇന്റർസെഷൻ

ആത്മാക്കളുടെ രക്ഷ, ലോകസുവിശേഷവത്കരണം, വിവിധ പ്രാർത്ഥന നിയോഗങ്ങൾ എന്നിവയ്ക്കായി നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷയാണിത്.

## ഫിയാത്ത് മാസിക

ലോകമിഷൻ പ്രവർത്തനങ്ങളെ കേരളത്തിൽ പരിചയപ്പെടുത്തുന്നതിനും ഫിയാത്ത് മിഷന്റെ പ്രവർത്തനങ്ങളെ വിശ്വാസികളിലെത്തിക്കുന്നതിനും മിഷൻ പ്രവർത്തനത്തിനായി അനേകരെ ഒരുക്കുന്നതിനും സുവിശേഷവത്കരണത്തിന്റെ ആവശ്യകത ഊന്നിപ്പറയുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഫിയാത്ത് മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. സൗജന്യമായാണ് വിതരണം.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ. 16: 15) എന്ന ഈശോയുടെ കല്പന അനുസരിച്ച് സുവിശേഷ സന്ദേശം ലോകം മുഴുവനുമെത്തിക്കാൻ ഒറ്റയ്ക്കും കൂട്ടായും നമുക്ക് അക്ഷീണം പ്രയത്നിക്കാം.

# തളരാതെ വടക്കേ ഇന്ത്യ

**ഇന്നത്തെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ മിഷൻ പ്രദേശങ്ങളിൽ ധാരാളം വെല്ലുവിളികളുണ്ടെങ്കിലും പ്രതിസന്ധികളിൽ സ്ഥിരതയോടെ നിലനിൽക്കുവാനുള്ള വരം പരിശുദ്ധാത്മാവ് മിഷനറിമാർക്കു നൽകുന്നുണ്ട്.**



ഫാ. ജിജോ പ്ലാച്ചേരിൽ LLM
(ഡയറക്ടർ, ന്യായവേദി, ഉജ്ജയ്ൻ രൂപത)

ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കണമെന്ന തീഷ്ണതയോടെയാണ് മിഷനറിമാർ മധ്യഭാരതത്തിലേക്ക് വണ്ടി കയറിയത്. എന്നാൽ വർഷങ്ങൾക്കു മുൻപുള്ള മധ്യഭാരതത്തിന്റെ സാഹചര്യം ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങൾക്ക് വിധേയരായി, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ഒരു ജനതയെയാണ് ആദ്യകാല മിഷണറിമാർക്ക് ഈ പ്രദേശങ്ങളിൽ കണ്ടെത്തുവാൻ കഴിഞ്ഞത്. അവരോട് സുവിശേഷം പ്രസംഗിക്കണം; പക്ഷേ അതിനേക്കാൾ ഉപരിയായി അവരുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ് ഏറ്റവും അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യമെന്ന് മിഷനറിമാർ തിരിച്ചറിഞ്ഞു.

താഴേക്കിടയിൽ ഉള്ളവരെയും തഴയപ്പെട്ടവരെയും തങ്ങളുടെ നെഞ്ചോട് അവർ ചേർത്ത് നിർത്തി. മിഷണറിമാർ ഗ്രാമങ്ങൾ തോറും ചുറ്റി സഞ്ചരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും ഭവന രഹിതർക്ക് പാർപ്പിടങ്ങൾ ഒരുക്കുകയും രോഗികൾക്ക് ഭവനങ്ങളിൽ മരുന്നുകൾ എത്തിച്ചു കൊടുക്കുകയും ചെയ്തു. കുട്ടികൾക്ക് അടിസ്ഥാനപരമായ വിദ്യാഭ്യാസം നൽകുവാനുള്ള ഏർപ്പാടുകളും വയോജന വിദ്യാഭ്യാസ പരിപാടികളും ആസൂത്രണം ചെയ്തു. അഗതി മന്ദിരങ്ങളും അനാഥാലയങ്ങളും നിർമിച്ചു. ഇത്തരം ശുശ്രൂഷകൾ ചെയ്യുന്ന മിഷനറിമാരെ കണ്ട് ഗ്രാമത്തിലെ ആളുകൾ അവരോട് ചോദിച്ചു: 'നിങ്ങൾ എന്തിനാണ് ഇങ്ങനെ സേവനം ചെയ്യുന്നത്? എന്തിനാണ് ഞങ്ങളെ ഇങ്ങനെ ശുശ്രൂഷിക്കുന്നത്?' അപ്പോൾ മിഷനറിമാർ അവരോട് പറഞ്ഞു: 'ഞങ്ങൾ വിശ്വസിക്കുന്ന ഞങ്ങളുടെ ദൈവം ഞങ്ങളെ പഠിപ്പിച്ചുതന്ന പാഠമാണ് പാവങ്ങളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത്.'

## ആദ്യകാല മിഷനറിമാർ

ആദ്യകാല മിഷനറിമാർ ക്രിസ്തു ആരാണ് എന്ന് അക്ഷരങ്ങൾ കൊണ്ട് പ്രസംഗിക്കാതെ സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആഴവും വ്യാപ്തിയും ആളുകൾക്ക് മനസ്സിലാക്കി കൊടുത്തു. മിഷനറിമാരുടെ ജീവിതത്തിൽ കണ്ടെത്തിയ ക്രിസ്തുവിനെ ഗ്രാമത്തിലെ മനുഷ്യർ സ്നേഹിക്കുവാൻ തുടങ്ങി. ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള ആഗ്രഹം അവരുടെ മനസ്സിൽ ഉത്ഭവിച്ചു. അങ്ങനെ ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരു സമൂഹത്തെ മിഷനറിമാർ ഓരോ മിഷൻ രൂപതയിലും വളർത്തിയെടുത്തു.

യാതൊരുവിധ സ്വാർത്ഥതാല്പര്യങ്ങളും ഇല്ലാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനു വേണ്ടി ജീവനും ജീവിതവും ഒരുപോലെ മാറ്റിവെച്ചവരാണ് ഓരോ മിഷൻ രൂപതയിലേയും ആദ്യകാല മിഷനറിമാർ. അവർ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ജ്വലിച്ചതിനാൽ ഓരോ മിഷൻ രൂപതയിലും ക്രൈസ്തവ സമൂഹങ്ങൾ രൂപം കൊണ്ടു. ആദ്യകാല മിഷനറിമാർക്ക് ഒത്തിരിയേറെ പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വന്നിട്ടുണ്ട് എന്നത് വാസ്തവമാണ്. അവർക്ക് അഭിമുഖീകരിക്കേണ്ടി വന്ന ഏറ്റവും വലിയ പ്രതിസന്ധി ഭാഷയുടെയും സംസ്കാരത്തിന്റെതും ആയിരുന്നു. മിഷനറിമാരുടെ സംസ്കാരവും മിഷൻ രൂപതകളിലെ സംസ്കാരവും തികച്ചും വ്യത്യസ്തമാണ്. അവർ അവരുടെ സംസ്കാരത്തെ മിഷൻ രൂപതകളിലേക്ക് കൊണ്ടുവരുന്നതിന് പകരം മിഷനറിമാർ സ്വയം മിഷൻ രൂപതകളുടെ സംസ്കാരത്തിലേക്ക് എത്തിച്ചേരാൻ പരിശ്രമിച്ചു. ജനങ്ങളോട് കൂടെ ഒന്നാകാനായി അവരുടെ ജീവിത രീതിയെ മിഷനറിമാർ അനുകരിക്കുവാൻ തുടങ്ങി. വ്യക്തിപരമായ ഒത്തിരിയേറെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും വേണ്ടെന്നുവച്ചാണ് ആദ്യകാല മിഷനറിമാർ ഓരോ മിഷൻ രൂപതകളെയും വളർത്തി ഇന്നത്തെ രീതിയിലേക്ക് ഉയർത്തിയത്.

## മതപരിവർത്തനം

വടക്കേ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ക്രൈസ്തവർ ന്യൂനപക്ഷമാണ്. അതുകൊണ്ടുതന്നെ എന്തെങ്കിലുമൊക്കെ ആരോപണങ്ങൾ ക്രൈസ്തവർക്കെതിരെ വന്നാൽ ക്രൈസ്തവരുടെ കൂടെ നിൽക്കാനോ സഹായിക്കാനോ ആളുകൾ ആരും ഉണ്ടാകില്ല. ക്രൈസ്തവർ വിദേശികളാണെന്നും ഇവിടെയുള്ള ആളുകളെ മുഴുവൻ മതം മാറ്റി ക്രൈസ്തവരാക്കാൻ ശ്രമിക്കുന്നവരാണെന്നുമുള്ള ആരോപണങ്ങൾ ധാരാളമായി മിഷൻ രൂപതകളിലുള്ള വൈദികരും സന്യസ്തരും സ്ഥിരം കേൾക്കാറുണ്ട്.

ചില സാഹചര്യങ്ങളിൽ നിയമം കയ്യിലെടുത്ത് നമ്മുടെ സ്ഥാപനങ്ങളിലും പള്ളികളിലും ആൾക്കൂട്ടത്തോടെ ഇടിച്ചു കയറി നശിപ്പിക്കുക എന്നത് ഇവരുടെ സ്വഭാവമാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്നും അവർ നമുക്കെതിരെ ചുമത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോപണം, എന്നത് നമ്മൾ നിർബന്ധിച്ചു മതം മാറ്റുന്നു എന്നതാണ്.

ക്രിസ്ത്യാനികൾ മതം മാറ്റം നടത്തുന്നവരാണെന്ന ചിന്ത പാവപ്പെട്ടവരുടെ മനസ്സിൽ അടിച്ചേൽപ്പിക്കുവാനുള്ള പ്രവണത ഇപ്പോഴും രാഷ്ട്രീയ വർഗ്ഗത്തിന്റെയും മുതലാളി വർഗ്ഗത്തിന്റെയും ഭാഗത്തുനിന്നും ശക്തമായിക്കൊണ്ടിരിക്കുകയാണ്. ക്രിസ്ത്യാനികളുമായി അധികം ഇടപെട്ടാൽ അവർ മതം മാറ്റി ഹിന്ദു സംസ്കാരത്തെ നശിപ്പിക്കും എന്ന ഒരു ചിന്താഗതി പല വ്യക്തികളുടെയും മനസ്സിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിലും ക്രിസ്തുവിന്റെ സഭ മിഷൻ പ്രദേശങ്ങളിൽ മുന്നോട്ടു തന്നെ പോവുകയാണ്. പ്രശ്നങ്ങളും പ്രതിസന്ധികളും ക്രിസ്തുവിലേക്ക് കൂടുതൽ അടുക്കുവാനും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴവും വ്യാപ്തിയും കൂടുതലായി മനസ്സിലാക്കുവാനും ഓരോ മിഷനറിയേയും സഹായിക്കുന്നുണ്ട്.

ഒഡീഷ, മധ്യപ്രദേശ്, അരുണാചൽപ്രദേശ്, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ഝാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ മതപരിവർത്തനം നിയമം വഴി വിലക്കിയിട്ടുള്ള സാഹചര്യമാണിന്ന്. അതുകൊണ്ടു തന്നെ ആരെങ്കിലും മതം മാറി ക്രൈസ്തവനാകണം എന്ന് പറഞ്ഞു വന്നാൽ തന്നെ അവർക്ക് മാമോദീസ കൊടുക്കണമെങ്കിൽ നിയമപരമായ ഒത്തിരി കടമ്പകളുണ്ട്. യുവാക്കളുടെ മാമോദീസ വളരെ വിരളമായി മാത്രമേ നടക്കാറുള്ളൂ.

പല മിഷൻ രൂപതകളിലും മാമോദീസ കൊടുക്കുക എന്നതിനേക്കാൾ പ്രാധാന്യം കൊടുക്കുന്നത് ക്രിസ്തുവിനെ അറിയിക്കുക എന്നതിനാണ്. ഇവിടെയുള്ള ജനങ്ങളെല്ലാം പൊതുവേ നിഷ്കളങ്കമായ വിശ്വാസത്തിന്റെ ഉടമകളാണ് ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൽ അവർ എന്നും ശൈശവാവസ്ഥയിലാണ്. ക്രൈസ്തവ പീഡനങ്ങളുടെ ഒറ്റപ്പെട്ട സംഭവങ്ങൾ ഇപ്പോൾ എല്ലായിടങ്ങളിലും നടക്കാറുണ്ട്. രാഷ്ട്രീയക്കാരുടെ അനാവശ്യമായ ഇടപെടലുകൾ ആണ് പലപ്പോഴും ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നത്. ക്രിസ്ത്യാനികൾ ഹിന്ദുക്കളെ എല്ലാം മതം മാറ്റി ഹിന്ദു സംസ്കാരത്തെ നശിപ്പിക്കുമെന്നും എല്ലാവരെയും ക്രിസ്ത്യാനികൾ ആക്കും എന്നുമുള്ള തെറ്റിദ്ധാരണകൾ പലരുടെയും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. രാഷ്ട്രീയ നേതൃത്വം പലവിധത്തിലും ക്രിസ്ത്യാനികളെ ബുദ്ധിമുട്ടിക്കുവാൻ ശ്രമിക്കാറുണ്ട്. നമ്മുടെ സ്ഥാപനങ്ങൾക്ക് നേരെ കള്ളക്കേസുകൾ കൊടുത്ത് നമ്മെ ബുദ്ധിമുട്ടിക്കുന്ന പ്രവണത സർവ്വസാധാരണമാണ്.

## ആകുലതകൾ


ആകുലതകൾ ഏറെയുണ്ട് പക്ഷേ എല്ലാ ആകുലതകൾക്കും നടുവിൽ ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു എന്നു പറയുന്നതാവും കൂടുതൽ ഉചിതം. രാഷ്ട്രീയനേതൃത്വം പലവിധത്തിലും നമ്മുടെ സമാധാനം കളയാൻ ശ്രമിക്കുന്നു എന്നത് വസ്തുതയാണ്. ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാക്കി അതിനെ ഊതിപ്പെരുപ്പിച്ച് നമ്മുടെ സ്ഥാപനങ്ങളിൽ വന്നു പ്രശ്നങ്ങൾ ഉണ്ടാക്കുകയും നമ്മുടെ സ്ഥാപനങ്ങൾ തകർക്കുകയും ചെയ്യുന്ന പ്രവണതകൾ സർവ്വസാധാരണമാണ്. പലപ്പോഴും മതപരിവർത്തനം നടത്തുന്നു എന്ന് ആരോപണങ്ങളും അതിനെ ചൊല്ലിയുള്ള കേസുകളും പല രൂപതകളും സന്യാസ സ്ഥാപനങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. നമ്മുടെ സ്കൂളുകളിൽ നിന്ന് കുരിശും ഈശോയുടെ രൂപങ്ങളും എല്ലാം എടുത്തു മാറ്റണമെന്നും സരസ്വതിയുടെ പടം വയ്ക്കണമെന്നും ഒക്കെ പറഞ്ഞുള്ള പ്രശ്നങ്ങൾ പല സ്കൂളുകളിലും നിലവിലുണ്ട്. കുട്ടികൾക്ക് സ്കൂളിൽ തിരുത്തലുകൾ നൽകിയാൽ അതിനെ മതപരമായ രീതിയിൽ വ്യാഖ്യാനിച്ച് അതിന്റെ പേരിലും ക്രിസ്ത്യൻ സ്കൂളുകളെ ആക്രമിക്കുന്ന ജനങ്ങളും കുറവല്ല. ഇത് ഞങ്ങളുടെ രാജ്യമാണ് ഞങ്ങളുടെ ഭരണമാണ് അതുകൊണ്ട് ഞങ്ങൾ ഞങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ പെരുമാറും നിങ്ങൾക്ക് ഇത് സഹിക്കുവാൻ സാധിക്കുമെങ്കിൽ ഇവിടെ ജീവിച്ചാൽ മതി എന്ന മനോഭാവമാണ് പലർക്കും.

## പ്രതീക്ഷയോടെ

മാനുഷികമായ രീതിയിൽ പറഞ്ഞാൽ ഓരോ പ്രതിസന്ധികളും പ്രശ്നങ്ങളും വരുമ്പോൾ ആകുലതകൾ ഉണ്ട്. പക്ഷേ സഭ മുന്നോട്ടു പോകുമോ ഇല്ലയോ എന്ന കാര്യത്തിൽ യാതൊരുവിധ ആകുലതകളും ഇല്ല. കാരണം സഭയുടെ തലവൻ ക്രിസ്തുവാണ്. സഭ ക്രിസ്തുവിന്റേതാണ് മിഷനറിമാർ ചെയ്യുന്ന ഓരോ കാര്യവും ക്രിസ്തുവിന് വേണ്ടിയും ക്രിസ്തുവിന്റെ നാമത്തിലുമാണ്. ഇതിനേക്കാൾ വലിയ പീഡനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് സഭ ഇന്നിന്റെ സഭയായി നിലനിൽക്കുന്നത്. എത്ര വലിയ പ്രതിസന്ധികളിലും സ്ഥിരതയോടെ നിലനിൽക്കുവാനുള്ള വരം പരിശുദ്ധാത്മാവ് ഓരോ മിഷനറിക്കും നൽകുന്നുണ്ട്. ഇന്നത്തെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ മിഷൻ പ്രദേശങ്ങളിൽ ധാരാളം വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. അതുകൊണ്ടുതന്നെ ഓരോ മിഷനറിക്കും പ്രാവുകളുടെ നിഷ്കളങ്കതയും സർപ്പങ്ങളുടെ വിവേകവും അത്യാവശ്യമാണ്.

## ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം

വടക്കേ ഇന്ത്യയിലെ പല ചെറിയ രൂപതകളിൽ പോലും മിഷണറിമാരുടെ സാന്നിധ്യമില്ലാത്ത സ്ഥലങ്ങളും ഗ്രാമങ്ങളും ഇന്നുമുണ്ട്. ഇതിന് പ്രധാന കാരണം മിഷൻ രൂപതകളിലേക്കുള്ള ദൈവവിളികൾ വളരെ കുറയുന്നതാണ്. ഇന്ന് കേരള സഭ മിഷൻ രൂപതകളിലേക്കുള്ള ദൈവവിളികളെ എത്രമാത്രം പ്രോത്സാഹിപ്പിക്കുന്നു എന്നത് ഒരു ചോദ്യചിഹ്നം തന്നെയാണ്. മിഷൻ സംസ്കാരത്തെ വളർത്തുന്നതിൽ കേരളസഭയുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. പലർക്കും മിഷനെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടോ അറിവോ ഇല്ല എന്നത് വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ പലപ്പോഴും മിഷനിലേക്കുള്ള ദൈവവിളികൾ കുറയുകയാണ്.



രൂപതകൾക്ക് വേണ്ടി വൈദികരാകുന്നവരെ രണ്ടോ മൂന്നോ വർഷം ഏതെങ്കിലും മിഷൻ രൂപതയിൽ സേവനത്തിന് അയക്കാൻ മെത്രാന്മാർ മുൻകൈയെടുക്കണം. സഭ അടിസ്ഥാനപരമായി ഒരു മിഷൻ സഭയാണ് എന്ന വസ്തുത പലപ്പോഴും കേരള സഭ മറക്കുന്നു എന്ന് തോന്നുന്നു. മിഷൻ സംസ്കാരത്തെ വളർത്തുന്നതിൽ സഭ പരാജയപ്പെട്ടാൽ സഭയുടെ അടിസ്ഥാന സ്വഭാവം തന്നെ മാറിപ്പോകും. കാരണം സഭയുടെ പ്രാണവായുവാണ് മിഷൻ. മിഷൻ ഇല്ലെങ്കിൽ സഭയില്ല, സഭയില്ലെങ്കിൽ മിഷനും ഇല്ല.

മിഷനെ സ്നേഹിക്കുകയും മിഷനറിമാരെ കഴിവുള്ളവിധത്തിലെല്ലാം സഹായിക്കാൻ സന്നദ്ധതയും ഉള്ള ഒത്തിരിയേറെ വൈദികർ കേരളത്തിൽ ഉണ്ട് എന്നാൽ മിഷനറിമാരെ രണ്ടാംകിട വൈദികരും സന്യസ്തരുമായി കാണുന്ന ഒരു കൂട്ടം ആളുകൾ കേരളത്തിൽ ഉണ്ടെന്നത് നഗ്നമായ ഒരു യാഥാർത്ഥ്യമാണ്. എന്താണ് മിഷൻ എന്ന് അനുഭവസാക്ഷ്യം നൽകുവാനായി മിഷനറിമാരെ ഇടവകകളിലേക്ക് ക്ഷണിക്കുകയും അവർ അവരുടെ അനുഭവങ്ങൾ ഇടവകയിലെ കുട്ടികളും യുവാക്കളും മുതിർന്നവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ കേരളസഭയിലെ അംഗങ്ങളിൽ മിഷൻ ചൈതന്യത്തെ വളർത്തിയെടുക്കുവാൻ ഇത് സഹായിച്ചേക്കാം.

# വടക്ക് കിഴക്കൻ ക്രൈസ്തവ ചരിത്രം

**മിഷനറി പ്രവർത്തനങ്ങൾക്ക് വലിയ സ്വീകാര്യത ലഭിച്ച വടക്കു കിഴക്കൻ പ്രദേശങ്ങൾക്ക് പറയാനുള്ളത് വിശ്വാസം സ്വീകരിച്ച് അതിന് പ്രത്യുത്തരം നൽകിയവരുടെ മനോഹരമായ ചരിത്രമാണ്**



ഫാ. ഷിനോയ് കരുവേലിൽ MCBS
(ഡയറക്ടർ, നോർത്ത് ഈസ്റ്റ് മിഷൻ)

തെക്കേഇന്ത്യ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ളത് ആസ്സാം, അരുണാചൽപ്രദേശ്, മേഘാലയ, നാഗലാന്റ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നീ ഏഴു വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലാണ്. ഇവയിൽ നാഗലാന്റ്, മേഘാലയ, മിസോറാം എന്നിവ ക്രൈസ്തവ ഭൂരിപക്ഷ സംസ്ഥാനങ്ങളാണ്. മിഷനറി പ്രവർത്തനങ്ങൾക്ക് വലിയ സ്വീകാര്യത അവിടങ്ങളിൽ ആദ്യകാലഘട്ടങ്ങളിൽ ലഭിച്ചിരുന്നു. വിശ്വാസം സ്വീകരിച്ച്, അതിന് പ്രത്യുത്തരം നൽകിയവരുടെ മനോഹരമായ ചരിത്രമാണ് വടക്കു കിഴക്കൻ പ്രദേശങ്ങൾക്ക് പറയാനുണ്ടായിരുന്നത്.

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ ഏറ്റവും വലിയ ക്രൈസ്തവ സമൂഹം കത്തോലിക്കാ സഭതന്നെയാണ്. അതോടൊപ്പം ബാപ്റ്റിസ്റ്റ് ചർച്ച്, പ്രിസ്ബിറ്റേറിയൻ ചർച്ച്, റിവൈവൽ ചർച്ച്, ബിലീവേഴ്സ് ചർച്ച് തുടങ്ങിയ വിവിധ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളും ഇവിടെ പ്രബലമാണ്.

## വചന വിത്തുമായി വിദേശ വൈദികർ

സ്വതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് വരെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളെല്ലാം ആസാം എന്ന ഒറ്റ പേരിലാണ് അറിയപ്പെട്ടിരുന്നത്. ആദ്യമായി ആസാമിൽ എത്തിയ മിഷനറിമാർ പോർച്ചുഗലിൽ നിന്നുള്ള ഈശോ സഭ വൈദികരായിരുന്നു. (1626) അവർ ടിബറ്റിലേക്കുള്ള യാത്രയിൽ ആസാം വഴി കടന്നുപോയി.

ആസാമിലെ ആദ്യത്തെ സ്ഥിരതാമസക്കാരനായ മിഷനറി വൈദികൻ PIME സന്യാസ സമൂഹത്തിലെ ഫാ. ജാക്കോപോ ബ്രൊയി (1872–1890) ആണ്. 18 വർഷം അദ്ദേഹം ഒറ്റയ്ക്ക് വിശാലമായ ആസാം മേഘാലയയിൽ ചിതറിക്കിടന്ന ആഗ്ലോ ഇന്ത്യൻ ക്രൈസ്തവരെ ശുശ്രൂഷിക്കുകയും, അഞ്ചു പള്ളികൾ സ്ഥാപിക്കുകയും ചെയ്തു.

1890–ൽ ജർമൻ സാൽവത്തോറിയൻ മിഷനറിമാർ ഫാ. ഓട്ടോ ഹേഷൻ മുള്ളറിന്റെ നേതൃത്വത്തിൽ ഇവിടെയെത്തി. ആസാമിന്റെ വിവിധ ഭാഗങ്ങളിലും, ഷില്ലോംഗിലെ ഘാസി ഗോത്രവിഭാഗങ്ങളുടെ ഇടയിലും മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ചോട്ടാ നാഗ്പൂരിൽ നിന്നുവന്ന തോട്ടം തൊഴിലാളികളായ ആദിവാസി ക്രൈസ്തവരും അന്ന് അവിടെയുണ്ടായിരുന്നു. 1915–ൽ ഒന്നാം ലോക മഹായുദ്ധം കാരണം ജർമ്മൻ സാൽവത്തോറിയൻ മിഷനറിമാർക്ക് തിരിച്ചു പോകേണ്ടിവന്നു.

1915–1922 വരെയുള്ള കാലയളവിൽ കൽക്കട്ടയിൽ നിന്നുള്ള ഈശോ സഭാ വൈദികരായിരുന്നു ആസ്സാമിലെ ക്രൈസ്തവരെ നോക്കിയിരുന്നത്. 1922–ൽ ഫാ. ലൂയിൻ മത്തിയാസിന്റെ നേതൃത്വത്തിൽ സലേഷ്യൻ ഡോൺ ബോസ്ക്കോ വൈദികരും, സിസ്റ്റേഴ്സും വരികയും, മിഷൻ പ്രവർത്തനം പൂർവാധികം ശക്തിയോടെ തുടരുകയും ചെയ്തു. 1934–ൽ നോർത്ത് ഈസ്റ്റിലെ ആദ്യത്തെ രൂപത ഷില്ലോങ് ആസ്ഥാനമായി സ്ഥാപിക്കപ്പെട്ടു. മോൺ. ലൂയിസ് മത്തിയാസ് ആദ്യത്തെ ബിഷപ്പായി സ്ഥാനമേറ്റു.



മണിപ്പൂരിലെ സേനാപതി ജില്ലയിൽ കലാപത്തിൽ തകർന്ന പള്ളി

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം മിഷൻ പ്രവർത്തനങ്ങൾ നോർത്ത് ഈസ്റ്റ് ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും പന്തലിച്ചു. ഗാരോ, കർബിനവാ, ബോഡോ, നാഗലാന്റിലെയും മണിപ്പൂരിലേയും നാഗ ഗോത്ര വിഭാഗങ്ങൾ അരുണാചൽ പ്രദേശിലെ വിവിധ ഗോത്രവിഭാഗങ്ങൾ എന്നിനെയുള്ള സമൂഹങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടന്നു. ഹോളി ക്രോസ് മിഷനറിമാർ മിസോറാം. ത്രിപുര, ആസാമിലെ സിലിച്ചാർ മേഖലകളിൽ മിഷൻ പ്രവർത്തനം നടത്തി. അതേ സമയം വിവിധ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ (ബാപ്റ്റിസ്റ്റ്, പ്രിസ്ബിറ്റേറിയൻ) ഈ മേഖലകളിലെല്ലാം അവരവരുടേതായ സുവിശേഷവത്കരണം നടത്തി.

## കേരള സഭയിൽ നിന്ന് മിഷനിലേക്ക് തീക്ഷണതയോടെ

സ്വാതന്ത്ര്യം ലഭിച്ച ശേഷം യൂറോപ്പിൽ നിന്നുള്ള മിഷനറിമാരുടെമേൽ നിയന്ത്രണമുണ്ടാവുകയും. അവരുടെ എണ്ണം കുറഞ്ഞപ്പോൾ 1950–ന് ശേഷം കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും നിരവധി രൂപതാ വൈദികരും സെമിനാരിക്കാരും നോർത്ത് ഈസ്റ്റിലേക്ക് കടന്നു വരുകയും മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തു.

1970–ന് ശേഷം പ്രാദേശികരായ ക്രൈസ്തവരിൽ നിന്ന് അനേകം യുവതീ യുവാക്കൾ സമർപ്പണ വൈദിക ജീവിതത്തിലേക്ക് കടന്നു വരുകയും സഭയെ കൂടുതൽ സമ്പന്നമാക്കുകയും ചെയ്തു. വിവിധ ഗോത്ര വിഭാഗങ്ങൾക്കിടയിൽ സഭ ചെയ്ത വിവിധങ്ങളായ പ്രവർത്തനങ്ങൾ അവരെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർത്തി. ഇന്ന് നിരവധി സ്കൂളുകളും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആതുരശുശ്രൂഷാ കേന്ദ്രങ്ങളും സാമൂഹികക്ഷേമ കേന്ദ്രങ്ങളും സഭയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നു.

## വളർച്ചയുടെ പാതയിൽ

സഭയുടെ വളർച്ചയുടെ പാതയിൽ പതിനഞ്ചോളം രൂപതകൾ സ്ഥാപിക്കപ്പെട്ടു. ഷിലോങ് (1934), ദിളുഗാർ (1951), തെസ്പൂർ (1964), തൂറാ (1973), കൊഹിമ (1973), ഇംഫാൽ (1980), ദിഫു (1983) ഗുവഹാട്ടി (1994), അഗർത്തല (1996), അയിസോൾ (1996), ബൊംഗായിഗോൺ (2000) മിയാവോ (2005), ഇറ്റാനഗർ (2005) നെംഗ്റ്റോയിൻ (2006), ജോവായി (2006). ഇവയിലെല്ലാം കൂടി 17 ലക്ഷത്തിനടുത്ത് കത്തോലിക്കാ വിശ്വാസികളും അതിനടുത്ത് തന്നെ പ്രൊട്ടസ്റ്റന്റ് വിശ്വാസികളുമുണ്ട്. 1970 ന് ശേഷം സമർപ്പിത സമൂഹങ്ങൾ മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാകാൻ വന്നു.

ദൈവവിളികളാൽ സമ്പന്നമാണ് നോർത്ത് ഈസ്റ്റിലെ ക്രൈസ്തവ സമൂഹം. ഇന്നിവിടുള്ള രൂപതകളിലും സന്യാസസമൂഹങ്ങളിലും തദ്ദേശിയരായസമർപ്പിതരും, വൈദികരും ധാരാളമുണ്ട്. വിൻസെൻഷ്യൻ സഭയുടെയും, എംഎസ്എഫ്എസ് സഭയുടെയും ധ്യാന കേന്ദ്രങ്ങൾ, ധ്യാനങ്ങൾ, രൂപതാതലങ്ങളിലും, ഇടവകാതലങ്ങളിലുമുള്ള പല വിശ്വാസ പരിശീലനങ്ങളും വിവിധ ഭക്തസംഘടനാ പ്രവർത്തനങ്ങളും സഭയുടെ വിശ്വസ സമൂഹത്തെ ഒന്നിച്ചു നിർത്തുകയും വളർത്തുകയും ചെയ്യുന്നു.

**വീടും സ്ഥലവും വിൽപ്പനയ്ക്ക്**

15 സെന്റ് സ്ഥലവും,
ഇരുനില വീടും
(2200 സ്ക്വയർ ഫീറ്റ്)
വിൽപ്പനയ്ക്ക്.
വെള്ളം, റോഡ് സൗകര്യം
ലഭ്യമാണ്.
സ്ഥലം: താമരശ്ശേരി–കട്ടിപ്പാറ

**ഫോൺ: 9495 822 515**

**ഉപകാരസ്മരണ**



അന്നമ്മ– കുപ്പായക്കോട്

**മലബാർ വിഷൻ മാട്രിമോണിയൽ**

**വരനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപത RC യുവതി,
25 വയസ്, 165 cm ഉയരം, MS,
അമേരിക്കയിൽ ജോലി.
അനുയോജ്യരായ മാതാപിതാക്കളുടെ
യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ
ക്ഷണിക്കുന്നു. അമേരിക്കയിൽ ജോലി
ചെയ്യുന്നവർക്ക് മുൻഗണന
ഫോൺ: 9207608300

**വരനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപത RC യുവതി,
29 വയസ്സ്, ഉയരം: 159 cm,
MA. English, B. Ed, K-TET, SET, NET
ഹൈസ്കൂൾ അധ്യാപിക, സ്ഥിരം ജോലി.
അനുയോജ്യരായ മാതാപിതാക്കളുടെ
യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ
ക്ഷണിക്കുന്നു.
ഫോൺ : 7306671141, 9745973135

വിവരങ്ങൾക്ക്– 94 97 564 558, പരസ്യങ്ങൾ നൽകാൻ വാട്സാപ്പ്–97 44 99 555 3

# അഖണ്ഡജപമാല സമർപ്പണം ആരംഭിച്ചു

**പുല്ലൂരാംപാറ:** താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ഇരുപത്തിമൂന്നാമത് അഖണ്ഡ ജപമാല സമർപ്പണം ആരംഭിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാല സമർപ്പണവും നടന്നു.

രൂപതാ വികാരി ജനറൽ മോൺ. അബ്രാഹാം വയലിൽ, ചാൻസലർ ഫാ. ചെറിയാൻ പൊങ്ങൻപാറ, പുല്ലൂരാംപാറ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ, കോടഞ്ചേരി സെന്റ് മേരീസ് തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ എന്നിവർ സഹകാർമികരായിരുന്നു.

ഒക്ടോബർ 27 വരെ നീളുന്ന 101 ദിനങ്ങളിലെ ഇടമുറിയാത്ത ജപമാല പ്രാർത്ഥനയുടെ നിയോഗം ലോകസമാധാനവും കുടുംബ വിശുദ്ധീകരണവുമാണ്.

23 വർഷം പിന്നിടുന്ന അഖണ്ഡ ജപമാലയിൽ ആയിരങ്ങളാണ് പങ്കെടുക്കുന്നത്. ഞായറാഴ്ചകളിൽ ഒഴികെ രാവിലെ ആറിനും, ഉച്ചയ്ക്ക് 12 നും, വൈകുന്നേരം ഏഴിനും വിശുദ്ധ കുർബാന ഉണ്ടായിരിക്കും. അഖണ്ഡ ജപമാല ദിനങ്ങളിൽ കുമ്പസാരത്തിനും കൗൺസിലിങ്ങിനും സൗകര്യം ക്രമീകരിച്ചിട്ടുണ്ടെന്ന് ബഥാനിയ ഡയറക്ടർ ഫാ. ബിനു പുളിക്കൽ അറിയിച്ചു. അഖണ്ഡ ജപമാല സമർപ്പണ ആരംഭത്തിന് ബഥാനിയ ഡയറക്ടർ ഫാ. ബിനു പുളിക്കൽ, ഫാ. ജോസ് പുവണ്ണിക്കുന്നേൽ, ഫാ. ജെസ്വിൻ തുറവയ്ക്കൽ എന്നിവർ നേതൃത്വം നൽകി.



ബഥാനിയ ധ്യാനകേന്ദ്രത്തിൽ ഇരുപത്തിമൂന്നാമത് അഖണ്ഡജപമാല സമർപ്പണത്തിന് ആരംഭം കുറിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരിതെളിയിക്കുന്നു

## ഇടവകകൾ ചേർന്ന് സ്റ്റാർട്ടപ്പുകൾ ആരംഭിക്കണം: ബിഷപ്

**താമരശ്ശേരി:** രൂപതയിലെ കൈക്കാരന്മാരുടെ സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് ഇടവകകൾ ചേർന്ന് പുതിയ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കണമെന്നും ഇടവകയിൽ സാമൂഹ്യബോധം വളർത്തുന്നതിന് കൈക്കാരന്മാർ മുൻകൈ എടുക്കണമെന്നും ബിഷപ് പറഞ്ഞു. കൈക്കാരന്മാർ ഇടവകയുടെ ആത്മീയവും ഭൗതികവുമായ ഉയർച്ചയ്ക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിക്കുന്നവരാണെന്ന് ബിഷപ് അഭിപ്രായപ്പെട്ടു.

മണിപ്പൂരിലെ ജനങ്ങൾ അനുഭവിക്കുന്ന യാതനകൾ മുഖ്യപ്രഭാഷണം നടത്തിയ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ വിവരിച്ചു. മണിപ്പൂരിലെ കലാപഭൂമികൾ സന്ദർശിച്ച അനുഭവങ്ങളാണ് അഡ്വ. ജസ്റ്റിൻ പങ്കുവച്ചത്. സമൂഹത്തിൽ നടക്കുന്ന അനീതികൾക്കെതിരെ ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു.

വികാരി ജനറൽ മോൺ. അബ്രാഹാം വയലിൽ, ഫിനാൻസ് മാനേജർ ഫാ. കുര്യാക്കോസ് മുഖാലയിൽ, ഫാ. ജോർജ് പുരയിടത്തിൽ എന്നിവർ പ്രസംഗിച്ചു.

## ഫീദെസ് ഫാമിലി ക്വിസ്: തിരുവമ്പാടി ഒന്നാമത്

**താമരശ്ശേരി:** രൂപത ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫീദെസ് ഫാമിലി ക്വിസ് മത്സരത്തിൽ തിരുവമ്പാടി ഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി. തിരുവമ്പാടി ഇടവകയിലെ ഷൈനി താമരക്കാട്ട് ആന്റ് ഫാമിലിയാണ് ഒന്നാം സ്ഥാനം നേടിയത്. രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം തെയ്യപ്പാറ, തേക്കുംകുറ്റി ഇടവകകൾ കരസ്ഥമാക്കി. തെയ്യപ്പാറ ഇടവകയിലെ സ്കറിയ വള്ളിയാംപൊയ്കയിൽ ആന്റ് ഫാമിലി, തേക്കുംകുറ്റി ഇടവകയിലെ ജോമോൻ പാഴിയാങ്കൽ ആന്റ് ഫാമിലി എന്നിവരാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. 15 ടീമുകളാണ് മേരിക്കുന്ന് പിഎംഒസിയിൽ നടന്ന ഫൈനൽ മത്സരത്തിൽ പങ്കെടുത്തത്.

ഒന്നും രണ്ടും മൂന്നും സമ്മാനാർഹർക്ക് യഥാക്രമം 15,000 രൂപ, 10,000 രൂപ, 5000 രൂപ എന്നിങ്ങനെ സമ്മാനങ്ങൾ ലഭിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. പങ്കെടുത്ത എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനങ്ങളും ലഭിച്ചു. കെം ഫാർമ മഞ്ചേരി, ഫാത്തിമ ഡ്രഗ് ലൈൻ മഞ്ചേരി, അഡ്വ. ബീന ജോസഫ് പാലയൂർ മഞ്ചേരി എന്നിവരാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത്.

സീറോ മലബാർ സഭയുടെ ആരാധനാക്രമ വിശ്വാസ പരിശീലനം (50%), വിശുദ്ധ കുർബാന പുസ്തകം– റാസക്രമം (20%), താമരശ്ശേരി രൂപത കലണ്ടർ (20%), സഭാസംബന്ധമായ പൊതുചോദ്യങ്ങൾ (10%) എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിൽ കുട്ടാലിട കേരള ഗ്രാമീൺ ബാങ്ക് മാനേജർ ജോസ് സെബാസ്റ്റ്യൻ വാതല്ലൂർ ക്വിസ് മാസ്റ്ററായിരുന്നു. താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ കൺവീനർ ഫാ. ജോസഫ് കളത്തിൽ, രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കുത്രപ്പള്ളി എന്നിവർ നേതൃത്വം നൽകി.

## ബേബി പെരുമാലിൽ ഓർമദിനം

**തിരുവമ്പാടി:** കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി മേഖല, യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ബേബി പെരുമാലിൽ അനുസ്മരണ ദിനം ആചരിച്ചു.

ബേബി പെരുമാലിയിലിന്റെ സ്മരണ നിലനിർത്തുന്നതിനായി തിരുവമ്പാടി പള്ളി അങ്കണത്തിൽ വികാരി ഫാ. തോമസ് നാഗപറമ്പിൽ ഫലവൃക്ഷതൈ നട്ടു. തുടർന്ന് കത്തോലിക്കാ കോൺഗ്രസ് ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ സ്നേഹാലയത്തിലെ അന്തേവാസികൾക്ക് സ്നേഹവിരുന്ന് നൽകി. മേഖല ഡയറക്ടർ ഫാ. തോമസ് നാഗപറമ്പിൽ, കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, ഷാജി കണ്ടത്തിൽ, പ്രിൻസ് തിനംപറമ്പിൽ, ജോസഫ് പുലക്കുടിയിൽ, തോമസ് വലിയപറമ്പൻ, ടോമി ചക്കിട്ടമുറിയിൽ, ബെന്നി കിഴക്കേപ്പറമ്പിൽ, അമൽ നെടുങ്കല്ലേൽ, എൻ. ജെ. ജോസഫ്, ലിസി മാളിയേക്കൽ, പൗളിൻ ചേന്ദപ്പള്ളിൽ, മാർഗരറ്റ് ബോബി തുടങ്ങിയവർ നേതൃത്വം നൽകി.

● ബേബി പെരുമാലിയുടെ അനുസ്മരണാർത്ഥം തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന ദേവാലയം ഏർപ്പെടുത്തിയ പ്രഥമ കർഷക അവാർഡ് ജോസ് റാണിക്കാട്ടിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മാനിച്ചു. 10,001 രൂപയും ഫലകവും അടങ്ങിയതാണ് അവാർഡ്.

തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി പുളിക്കാട്ട്, ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. സബിൻ തൂമുള്ളിൽ, ഡോ. ചാക്കോ കാളംപറമ്പിൽ, അഗസ്റ്റിൻ പുളിക്കക്കണ്ടം, തോമസ് വലിയപറമ്പിൽ, തോമസ് പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

അപകടത്തെതുടർന്ന് രക്ഷാപ്രവർത്തനം നടത്തിയ അഖിൽ ചന്ദ്രൻ, പി. കെ. പ്രജീഷ, എം. കെ. ജംഷീർ എന്നിവരെ ആദരിച്ചു.

## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഓൺലൈൻ കോഴ്സുകൾ

**മേരിക്കുന്ന്:** താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര ഓൺലൈൻ ദൈവശാസ്ത്ര പഠനം (എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്കളിൽ രാത്രി 8.30 മുതൽ 9.30 വരെ), മരിയൻ ദൈവശാസ്ത്ര പഠനം (എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ രാത്രി 8.30 മുതൽ 9.30 വരെ), സഭാചരിത്ര പഠനം (എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ രാത്രി 8.15 മുതൽ 9.15 വരെ) എന്നീ മൂന്ന് പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ ആരംഭിച്ചു.

ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്നും വിവിധ ദൈവശാസ്ത്ര വിഷയങ്ങളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ പ്രശസ്തരായ പണ്ഡിതർ ക്ലാസ്സുകൾ നയിക്കുന്നു. ഓൺലൈൻ ക്ലാസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: **8281346179.**

## കെസിവൈഎം വിദേശ യുവജന കൂട്ടായ്മ

**താമരശ്ശേരി:** പഠനവും ജോലിയുമായി വിദേശത്തുള്ള യുവജനങ്ങളെ കെസിവൈഎം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കോർത്തിണക്കുന്ന വിദേശ യുവജന കൂട്ടായ്മ 'താമരക്കൂട്ടം' ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

വിദേശ രാജ്യങ്ങളിലുള്ള താമരശ്ശേരി രൂപതയിലെ കെസിവൈഎം പ്രവർത്തകർക്ക് ഒത്തുചേരുന്നതിനുള്ള വേദിയാണ് താമരക്കൂട്ടം. ആദ്യഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിലും യുകെ, യുഎസ്എ, ജർമ്മനി, ഓസ്ട്രേലിയ, എന്നീ രാജ്യങ്ങളിലുമാണ് കൂട്ടായ്മ ആരംഭിച്ചിരിക്കുന്നത്.

വിദേശത്ത് ഒറ്റപ്പെടുന്ന യുവജനങ്ങൾക്ക് ഈ കൂട്ടായ്മ വലിയ ഉത്തേജനം പകരുമെന്ന് 'താമരക്കൂട്ടം' ഉദ്ഘാടനം ചെയ്ത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. താമരക്കൂട്ടത്തിന്റെ ആദ്യ മീറ്റിങ്ങിൽ വീഡിയോ കോൺഫറൻസിലൂടെ വിവിധ രാജ്യങ്ങളിലുള്ള യുവജനങ്ങൾ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ, ജസ്റ്റിൻ സൈമൺ, റിച്ചാർഡ് ജോൺ എന്നിവർ പ്രസംഗിച്ചു.

## പ്രീ–കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന പ്രീകാനാ കോഴ്സ് സെപ്റ്റംബർ 7 മുതൽ 9 വരെയും ഒക്ടോബർ 12 മുതൽ 14 വരെയും നവംബർ 9 മുതൽ 11 വരെയും നടക്കും. ഡിസംബറിൽ 7 മുതൽ 9 വരെയും പ്രീ–കാനാ കോഴ്സ് നടത്തും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യുക. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്ക്: 8075935240
വെബ്സൈറ്റ്: www.dioceseof thamarassery.org/Precana

## ദേവാലയ ശുശ്രൂഷകരുടെ സംഗമം

**താമരശ്ശേരി:** ദേവാലയ ശുശ്രൂഷകർ ഇടവകയെ ആത്മീയതയിൽ നയിക്കുന്നതിനുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്നവരാണെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. രൂപതയിലെ ദേവാലയ ശുശ്രൂഷകരുടെ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിയ്ക്കാവയലിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ. അബ്രാഹാം വയലിൽ, ഫിനാൻസ് മാനേജർ ഫാ. കുര്യാക്കോസ് മുഖാല എന്നിവർ പ്രസംഗിച്ചു.

## നേട്ടം




● ചെന്നൈ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്പ്മെന്റിൽ നിന്നും എംഎ ഡെവലപ്പ്മെന്റ് പോളിസി ആന്റ് പ്രാക്ടീസിൽ (2020–2022) ഫസ്റ്റ് റാങ്കും സ്വർണ്ണമെഡലും നേടിയ സാന്ദ്ര തോമസ്.തിരുവമ്പാടി ഇടവക കുംബ്ലാട്ടുകുന്നേൽ തോമസ് – സോളി ദമ്പതികളുടെ മകൾ.



● മദ്രാസ് സർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ആന്റ് റിസർച്ചിൽ നിന്ന് ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടിയ ആൻ മേരി ജോസ്. എറണാകുളം രാജഗിരി കോളജിൽ അസി. പ്രഫസർ. പൂഴിത്തോട് ഇടവക മണിമലക്കുന്നേൽ ജോസ് – മോളി ദമ്പതികളുടെ മകൾ. ചങ്ങനാശ്ശേരി എസ്ബി കോളജ് അധ്യാപകൻ ഡോ. പ്രിജിൽ മാത്യുവാണ് ഭർത്താവ്.

## പുസ്തക പരിചയം



● പടത്തുകടവ് ഹോളി ഫാമിലി ഹൈസ്ക്കൂൾ അധ്യാപികയും സാഹിത്യകാരിയുമായ ബിൻസി ജെയിംസ് രചിച്ച ബാലകഥാ സമാഹാരം. ഭാഷാശ്രീ പുസ്തക പ്രസാധക സംഘം പ്രസിദ്ധീകരിച്ചിരിക്കുന്നു. സർഗ ചൈതന്യത്തിന്റെ അകൈതവാനന്ദമാണ് 'വർണ്ണചിത്രങ്ങൾ' സമ്മാനിക്കുന്നതെന്ന് പ്രസാധകക്കുറിപ്പിൽ സദൻ കൽപ്പത്തൂർ പറയുന്നു.

വില: 110 രൂപ. കോപ്പികൾക്ക്: **8086913135**

## ബഥാനിയ ശുശ്രൂഷകൾ

**2023 സെപ്റ്റംബർ**

● **01 (വെള്ളി)** : ഏകദിന കൺവെൻഷൻ
● **06 (ബുധൻ)** : അഖണ്ഡജപമാല സമർപ്പണം 50–ാം ദിവസം
● **08 (വെള്ളി)** : ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (8–11)
● **15 (വെള്ളി)** : ഏകദിന കൺവെൻഷൻ
● **16 (ശനി)** : അഖണ്ഡ ജപമാല സമർപ്പണം 60–ാം ദിവസം
● **22 (വെള്ളി)** : ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം(22–25)
● **26 (ചൊവ്വ)** : അഖണ്ഡ ജപമാല സമർപ്പണം 70–ാം ദിവസം
● **29 (വെള്ളി)** : ഏകദിന കൺവെൻഷൻ

**2023 ഒക്ടോബർ**

● **06 ആദ്യവെള്ളി :** ഏകദിന കൺവെൻഷൻ. അഖണ്ഡജപമാല സമർപ്പണം 80–ാം ദിവസം.
ജീവിത വിശുദ്ധീകരണ ധ്യാനം (6–9)
● **13 വെള്ളി :** ഏകദിന കൺവെൻഷൻ
● **14 ശനി:** ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ
● **16 തിങ്കൾ :** അഖണ്ഡജപമാലസമർപ്പണം 90–ാം ദിവസം
● **20 വെള്ളി :** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (20–23)
● **26 വ്യാഴം :** അഖണ്ഡജപമാല സമർപ്പണം 100–ാം ദിവസം
● **27 വെള്ളി :** അഖണ്ഡ ജപമാല സമർപ്പണം സമാപനം

**2023 നവംബർ**

● **03 ആദ്യവെള്ളി:** ഏകദിന കൺവെൻഷൻ
● **10 വെള്ളി:** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (10–13)
● **17 വെള്ളി:** ഏകദിന കൺവെൻഷൻ
● **24 വെള്ളി:** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (24–27)

# "യുവജനങ്ങൾ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നവരാകണം"

**പാറോപ്പടി:** കെസിവൈഎം യുവജന ദിനാഘോഷവും തിരുശേഷിപ്പ് പ്രയാണ സമാപനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യുവജനങ്ങളാണ് രൂപതയുടെ ശക്തിയെന്നും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുന്ന ശക്തവും ഊർജ്ജസ്വലവുമായ പ്രസ്ഥാനമാണ് താമരശ്ശേരി രൂപതാ കെസിവൈഎം എന്നും ബിഷപ് പറഞ്ഞു.

"ആഴമായ ആത്മീയ അടിത്തറ ഉണ്ടെങ്കിൽ മാത്രമേ യുവജന പ്രസ്ഥാനങ്ങൾക്ക് സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കൂ. സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നവരാകണം യുവജനങ്ങൾ. സുവിശേഷമായി തീരും എന്ന വെല്ലുവിളി ഏറ്റെടുക്കാൻ യുവജനങ്ങൾക്ക് സാധിക്കണം." ബിഷപ് കൂട്ടിച്ചേർത്തു. താമരശ്ശേരി രൂപതാ കെസിവൈഎമ്മിന് ചടുലമായ നേതൃത്വം നൽകുന്ന ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിലിനെ ബിഷപ് അനുമോദിച്ചു.

കെസിവൈഎം രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായിരുന്നു. കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ ആമുഖപ്രഭാഷണം നടത്തി.

കെസിവൈഎം മുഖപത്രം യുവദർശനം ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎയ്ക്കു നൽകി ബിഷപ് പ്രകാശനം ചെയ്തു. നാട് എങ്ങോട്ട് പോകണം എന്ന് തീരുമാനിക്കുന്നത് യുവജനങ്ങളാണെന്നും കരുണയുടെ ഹൃദയമുള്ളവരാകണം യുവജനങ്ങളെന്നും തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അഭിപ്രായപ്പെട്ടു. "നന്നാവാനും ചീത്തയാവാനും ഒട്ടേറെ അവസരമുള്ള കാലമാണിത്. അവസരങ്ങളെ നല്ലതിന് വേണ്ടി ഉപയോഗപ്പെടുത്തണം. മാരക വിപത്തായ മയക്കുമരുന്നിനെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിക്കണം. കർമ്മം ചെയ്തുകൊണ്ടിരുന്നാൽ പ്രതിഫലം ദൈവം തരും." അദ്ദേഹം പറഞ്ഞു.



കെസിവൈഎം യുവജന ദിനാഘോഷവും തിരുശേഷിപ്പ് പ്രയാണ സമാപനവും പാറോപ്പടിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

അമൽ ജ്യോതി വിഷയത്തിൽ സോഷ്യൽ മീഡിയയിലൂടെ പ്രതികരിച്ചതിന് സൈബർ ആക്രമണം നേരിടേണ്ടിവന്ന അലോഹ മരിയ ബെന്നി വിശിഷ്ടാതിഥിയായിരുന്നു." പ്രതിസന്ധി ഘട്ടങ്ങളിൽ ചങ്കുറപ്പോടെ സഭയോടൊപ്പം നിൽക്കാൻ കഴിയണം. സഭയെ കുറ്റം പറയുന്നവരോടൊപ്പം കൂടാതെ കാര്യങ്ങളെക്കുറിച്ച് സ്വതന്ത്രമനസോടെ പഠിക്കാൻ ശ്രമിക്കണം. ഉള്ളിലുള്ള വിശ്വാസത്തിന്റെ തീ അണയാതെ കാക്കാൻ കൃത്യമായ ബോധ്യത്തോടെയുള്ള വിശ്വാസത്തിലേക്ക് വളരണം. ഏതു പ്രതിസന്ധി ഘട്ടത്തിലും ഒറ്റയ്ക്കല്ല, ഒപ്പം ക്രിസ്തു ഉണ്ടെന്നുള്ള കാര്യം ഓർക്കണം." അലോഹ പറഞ്ഞു.

പാറോപ്പടി ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കൽ, ഫാ. ആൽബിൻ സ്രാമ്പിക്കൽ, സിസ്റ്റർ റൊസീൻ എസ്എബിഎസ്, ജസ്റ്റിൻ സൈമൺ, വിശാഖ് തോമസ്, അരുൺ ജോഷി, ബെൻ ജോസഫ്, ആഷ്‌ലി തെരേസ മാത്യു എന്നിവർ പ്രസംഗിച്ചു.

പേഴ്സണാലിറ്റി ട്രെയ്നർ ആന്റണി ജോയ് ക്ലാസ് നയിച്ചു. തിരുശേഷിപ്പ് പ്രയാണ സ്വീകരണശേഷം നടന്ന വിശുദ്ധ കുർബാനയ്ക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## ദുരന്തനിവാരണ സേന രൂപീകരിച്ചു

**താമരശ്ശേരി:** കെസിവൈഎം രൂപതാ സമിതിയുടെയും ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫുഡ് ആൻഡ് അഗ്രികൾച്ചറൽ എത്തിക്സിന്റെയും നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് ദുരന്തനിവാരണ സേന രൂപീകരിച്ചു. യോഗത്തിൽ കെസിവൈഎം രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ബിജോ ചെമ്പരത്തിക്കൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. അമൽ പുരയിടത്തിൽ, ജസ്റ്റിൻ സൈമൺ, റിച്ചാഡ് ജോൺ എന്നിവർ പ്രസംഗിച്ചു. ദുരന്തനിവാരണ സേനയ്ക്ക് ഫാ. ജയ്സൺ കാരക്കുന്നേൽ പ്രാഥമിക പരിശീലനം നൽകി.

## കേരള കർഷക അതിജീവന സംയുക്ത സമിതിക്ക് പുതിയ ഭാരവാഹികൾ

**കോഴിക്കോട്:** കേരള കർഷക അതിജീവന സംയുക്ത സമിതി പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു.

ചെയർമാൻ: ഫാ. സ്കോട്ട് ശ്ലീബാ പുളിമൂടൻ, വൈസ് ചെയർമാൻ: ഫാ. ജോസഫ് കാവനാടിയിൽ, ജനറൽ കൺവീനർ: ഡോ. ചാക്കോ കാളംപറമ്പിൽ, ജോയിന്റ് കൺവീനർ: ഫാ. ജേക്കബ് മാവുങ്കൽ, സെക്രട്ടറിമാർ: അഡ്വ. ബിനോയ് തോമസ്, ബോണി ജേക്കബ്.

## കുട്ടിക്കർഷക പുരസ്കാരം ആബേൽ വർഗീസിന്



അങ്ങാടിപ്പുറം കൃഷിഭവൻ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയ മികച്ച കുട്ടിക്കർഷകനുള്ള പുരസ്കാരം പരിയാപുരം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർഥി ആബേൽ വർഗീസിന്.

പെരിന്തൽമണ്ണ ഇടവകാംഗം വടക്കേത്തല കണ്ണാത്ത് വർഗീസ് ലോനയുടെയും ഷീന വർഗീസിന്റെയും മകനാണ്.

## ഉപകാരസ്മരണ



ഒരു വിശ്വാസി, ആനക്കാംപൊയിൽ

## ഉപകാരസ്മരണ

ആറുകൊല്ലമായി മക്കൾ ഇല്ലാതിരുന്ന എന്റെ മകന്റെ കുടുംബത്തിന് ഒരു കുഞ്ഞുണ്ടാകാൻ ഒരു ഗർഭകാലം കൊന്ത ചെല്ലാമെന്ന് നേർന്നു. തുടർന്ന് 4 മാസത്തിനുള്ളിൽ ഗർഭിണിയാകുകയും ഒരു ആൺകുഞ്ഞിനെ ലഭിക്കുകയും ചെയ്തു. ദൈവത്തിന് നന്ദി, താമസിച്ചതിന് ക്ഷമാപണം.

എന്ന്,

ഒരു വിശ്വാസി, വിലങ്ങാട്

## ഉപകാരസ്മരണ



ഒരു വിശ്വാസി, കണ്ണോത്ത്

# അണയാതെ മണിപ്പൂർ

**"അധികാരികൾ അലസരായി കണ്ണു മൂടിയിരുന്നാൽ ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടും. ഭരണ ഘടനയെ നോക്കുകുത്തിയാക്കി ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നത് ഭയത്തോടെയാണു കാണുന്നത് "**

**താമരശ്ശേരി:** മണിപ്പൂരിൽ കലാപം തുടരുമ്പോഴും അധികാരികൾ നിസംഗത പാലിക്കുന്നതിനെ നിശിതമായി വിമർശിച്ച് ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ. "മണിപ്പൂർ കത്തുമ്പോൾ ഭരണാധികാരികൾ ഉറങ്ങുകയാണ്. പ്രധാനമന്ത്രി വിദേശ രാജ്യങ്ങളിലേക്കല്ല പോകേണ്ടത്, കത്തുന്ന മണിപ്പൂരിലേക്കാണ്. 1947–ൽ സ്വാതന്ത്ര്യം ലഭിക്കുന്ന വേളയിൽ ഗാന്ധിജി കലാപ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് സമാധാനത്തിനായുള്ള ശ്രമങ്ങൾ നടത്തുകയായിരുന്നു. ആ മാതൃക പകർത്താൻ പ്രധാനമന്ത്രിയും അധികാരികളും തയ്യാറാകണം. അധികാരികൾ അലസരായി കണ്ണു മൂടിയിരുന്നാൽ ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടും. ഭരണഘടനയെ നോക്കുകുത്തിയാക്കി ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നത് ഭയത്തോടെയാണു കാണുന്നത്" ബിഷപ് പറഞ്ഞു. മണിപ്പൂരിലെ നരനായാട്ടിനെതിരെ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

മണിപ്പൂരിലെ കഷ്ടതയനുഭവിക്കുന്ന ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ബിഷപ് ആഹ്വാനം ചെയ്തു. മണിപ്പൂരിലെ ആയിരം കുടുംബങ്ങളെ പാർപ്പിക്കാൻ തയ്യാറാണെന്നും ബിഷപ് പറഞ്ഞു. "ന്യൂനപക്ഷങ്ങൾ ഒരുമിച്ചു നിൽക്കേണ്ട സമയമാണിത്. ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം മണിപ്പൂരിലെ ജനതയ്ക്ക് ലഭിക്കണം. അതിനായി ഒറ്റക്കെട്ടായി പൊരുതണം. കുരിശിൽ മരിച്ച ക്രിസ്തുവിന്റെ മാതൃക നമ്മെ ശക്തിപ്പെടുത്തും. സ്വാതന്ത്ര്യം ആരുടെയും ഔദാര്യമല്ല, അവകാശമാണ്" – ബിഷപ് കൂട്ടിച്ചേർത്തു.

മേരി മാതാ കത്തീഡ്രലിൽ നിന്ന് താമരശ്ശേരി പഴയ ബസ് സ്റ്റാന്റിലേക്ക് നടത്തിയ പ്രതിഷേധ റാലിയിൽ കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് ആയിരങ്ങൾ അണി നിരന്നു. പ്രതിഷേധ സംഗമത്തിൽ രൂപതാ അൽഫോൻസ കോളജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ വിഷയാവതരണം നടത്തി. എകെസിസി രൂപതാ ഡയറക്ടർ ഫാ. മാത്യു തൂമുള്ളി, കെസിവൈഎം രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, മാതൃവേദി രൂപതാ പ്രസിഡന്റ് ലിസി, മരിയൻ പ്രൊ–ലൈഫ് രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ, ഷില്ലി സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. ചാക്കോ കാളംപറമ്പിൽ ഐക്യദാർഢ്യ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, രൂപതാ ചാൻസിലർ ഫാ. ചെറിയാൻ പൊങ്ങൻപാറ, കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. മെൽബിൻ വെള്ളയ്ക്കാക്കുടിയിൽ, ഫാ. സായി പാറൻകുളങ്ങര എന്നിവർ നേതൃത്വം നൽകി.



മണിപ്പൂരിലെ നരനായാട്ടിനെതിരെ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ബിഷപ് റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

## അഖണ്ഡ ജപമാലയും ജപമാല റാലിയും

● മണിപ്പൂരിൽ നടക്കുന്ന അതിക്രൂരമായ അക്രമങ്ങൾക്കെതിരെ മരുതോങ്കര ഫൊറോനയ്ക്കു കീഴിലെ ഇടവകകൾ സംയുക്തമായി മരുതോങ്കരയിൽ ഐക്യദാർഢ്യ ജപമാല റാലിയും അഖണ്ഡ ജപമാലയും സംഘടിപ്പിച്ചു. രാവിലെ 9–ന് മുള്ളൻകുന്ന് അങ്ങാടിയിലെ കുരിശുപള്ളിയിൽ ആരംഭിച്ച അഖണ്ഡജപമാലയ്ക്ക് ഫൊറോന വികാരി ഫാ. ജോർജ്ജ് കളത്തൂർ നേതൃത്വം നൽകി.

വൈകുന്നേരം ഫൊറോന പള്ളിയിൽ നിന്നും ആരംഭിച്ച ജപമാല റാലിയിൽ ഫൊറോനയ്ക്ക് കീഴിലെ വിവിധ ഇടവകകളിലെ ആയിരക്കണക്കിന് ആളുകൾ അണിനിരന്നു. പൊതുസമ്മേളനത്തിൽ മാനന്തവാടി രൂപത പിആർഒ സാന്റോ എബ്രഹാം മേച്ചേരി, ഡോ. ചാക്കോ കാളംപറമ്പിൽ, ഫാ. ജോർജ്ജ് വരിക്കാശ്ശേരി, സെമിലി സുനിൽ, റിച്ചാർഡ് ജോൺ, ടോമി പെരുവിലങ്ങാട്ട്, ആൻസെലിൻ തടത്തിൽ എന്നിവർ പ്രസംഗിച്ചു. ഫാ. ജോർജ്ജ് കളത്തൂർ, ഫാ. ജോസഫ് കൂനാനിക്കൽ, ഫാ. ഫ്രാൻസിസ് വെള്ളംമാക്കൽ, ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ, ഫാ. ജിനോയി പനക്കൽ, ഫാ. ജോസഫ് പുത്തേട്ടുപടവിൽ എന്നിവർ നേതൃത്വം നൽകി.

## നിശബ്ദത ആശങ്കാജനകം: കെസിവൈഎം

● മണിപ്പൂരിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ പാലിക്കുന്ന മൗനം ആശങ്കാജനകമാണെന്ന് കെസിവൈഎം താമരശ്ശേരി രൂപത. 2023 വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളന വേദിയിൽ ഇതു സംബന്ധിച്ച പ്രമേയം പാസാക്കി. മണിപ്പൂരിൽ കേന്ദ്രസർക്കാർ ഇടപെടുന്ന നാൾവരെ കെസിവൈഎം സമരപരമ്പരകൾ തുടരുമെന്ന് പ്രമേയത്തിൽ പറയുന്നു.

സെനറ്റ് സമ്മേളനം താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ അമൽ പുരയിടത്തിൽ, കെസിവൈഎം കോഴിക്കോട് രൂപത പ്രസിഡന്റ് ഡൊമിനിക് സോളമൻ, ജനറൽ സെക്രട്ടറി ജസ്റ്റിൻ, എസ്എംവൈഎം സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ്, സൈമൺ, ആനിമേറ്റർ സിസ്റ്റർ റോസീൻ എസ്എബിഎസ്, വൈസ് പ്രസിഡന്റ് ആഷ്‌ലി തെരേസ മാത്യു എന്നിവർ പ്രസംഗിച്ചു. രൂപത കലോത്സവം യുവ–2023 ന്റെ ഔദ്യോഗിക ലോഗോ മോൺ. അബ്രഹാം വയലിൽ രൂപത പ്രസിഡന്റിന് കൈമാറി പ്രകാശനം ചെയ്തു. കലോത്സവത്തിന്റെ ഭാഗമായുള്ള രചന മത്സരങ്ങൾ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നടക്കും. കക്കയം സ്വദേശി സാൻജോ സണ്ണിയാണ് ലോഗോ രൂപകല്പന ചെയ്തത്.

● മണിപ്പൂർ കലാപത്തിലും, സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകളിലും പ്രതിഷേധം അറിയിച്ച് കുളിരാമുട്ടി കെസിവൈഎം യൂണിറ്റ് സൗഹൃദ സംഗമം നടത്തി. വികാരി ഫാ. സ്കറിയ മങ്ങരയിൽ നേതൃത്വം നൽകി. യോഗത്തിൽ ആനിമേറ്റർ സിസ്റ്റർ അനിത എസ്എച്ച്, ബ്ര. ഫ്രാങ്ക്ളിൻ എംസിബിഎസ്, യൂണിറ്റ് പ്രസിഡന്റ് രഞ്ജിത്ത് നടുക്കുടിയിൽ, സെക്രട്ടറി അജിൻ പഴുമറ്റത്തിൽ മതബോധന ഹെഡ്മാസ്റ്റർ സണ്ണി കൊക്കപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു.

2–ാം ചരമവാർഷികം
29-08-2023



ഏലിയാമ്മ പെരുമാട്ടിക്കുന്നേൽ
വെറ്റിലപ്പാറ
ജനനം: 01–031–1920 മരണം: 29–08–2022
ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ–11:25)

10–ാം ചരമവാർഷികം
(01–09–2023)



അന്നക്കുട്ടി വർക്കി
മങ്ങരയിൽ, കൂടരഞ്ഞി
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ആദരാഞ്ജലികൾ



സി. ആനി ജോസഫ് CMC
തിരുവമ്പാടി
മുൻ എഡിറ്റോറിയൽ ബോർഡ് അംഗം
പ്രാർത്ഥനയോടെ, മലബാർ വിഷൻ കുടുംബം

# ചാർച്ചാബന്ധ വിവാഹം അനുവദനീയമോ?



## ചോദ്യം ഉത്തരം

റവ. ഡോ. ഏബ്രഹാം
കാവിൽപുരയിടത്തിൽ

? രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹത്തെപ്പറ്റിയുള്ള നിയമത്തെക്കുറിച്ച് ഈ പംക്തിയിൽ ഒരിക്കൽ എഴുതിയിരുന്നല്ലോ. ഒരു വ്യക്തിയുടെ ഭാര്യ മരിച്ചാൽ അയാൾക്കു ഭാര്യയുടെ സഹോദരിയെ വിവാഹം കഴിക്കാൻ സഭാനിയമം അനുവദിക്കുന്നുണ്ടോ?

**● മത്തായി ജോസഫ്, കട്ടപ്പന**

രക്തബന്ധത്തിൽനിന്നു (Consanguinity) വ്യത്യസ്തമായ ചാർച്ചാബന്ധത്തെ (Affinity) സംബന്ധിക്കുന്ന ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. രക്തബന്ധം ഒരു കുടുംബത്തിൽപ്പെട്ടവർ തമ്മിലുള്ളതാണെങ്കിൽ ചാർച്ചാബന്ധം സാധുവായ ഒരു വിവാഹംവഴി രൂപപ്പെടുന്നതാണ്. ചാർച്ചാബന്ധത്തെക്കുറിച്ച് സഭാനിയമം പറയുന്നത് എന്താണെന്നു പരിശോധിക്കാം.

സാധുവായ വിവാഹബന്ധത്തിലൂടെ ഉടലെടുക്കുകയും ദമ്പതികളിൽ ഒരാൾക്കു മറ്റേയാളുടെ രക്തബന്ധത്തിലുള്ളവരുമായി നിലനില്ക്കുകയുംചെയ്യുന്ന ബന്ധമാണ് ചാർച്ചാബന്ധം (CCEO c. 919 §1). ലത്തീൻ സഭാനിയമത്തിലെ കാനൻ 109 ഇതേ കാര്യംതന്നെയാണു പറയുന്നത്. ഇവിടെ നിയമം വ്യക്തമാക്കുന്ന കാര്യങ്ങൾ ഇവയാണ്: വിവാഹബന്ധത്തിലൂടെയാണു ചാർച്ചാബന്ധം ഉടലെടുക്കുന്നത്. വിവാഹം അസാധുവെങ്കിൽ ചാർച്ചാബന്ധമില്ല. ദമ്പതികളിൽ ഒരാൾക്കു തന്റെ ജീവിതപങ്കാളിയുടെ രക്തബന്ധുക്കളോടാണ് ഈ ബന്ധം നിലവിൽവരുന്നത്. മേൽപ്പറഞ്ഞ കാനന്റെ രണ്ടാമത്തെ ഖണ്ഡിക ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: 'ദമ്പതികളിൽ ഒരാൾ മറ്റയാളുടെ രക്തബന്ധുവുമായി അതേ പരമ്പരയിലും അതേ കരിന്തലയിലും ബന്ധപ്പെട്ടിരിക്കുന്നു.'

നമുക്ക് ഒരുദാഹരണം എടുക്കാം. മാത്യുവും മേരിയും സീറോമലബാർ സഭാംഗങ്ങളാണ്. അവർ വിവാഹിതരാകുമ്പോൾ മാത്യുവിനു ഭാര്യ മേരിയുടെ കുടുംബത്തിലുള്ളവരുമായി ചാർച്ചാബന്ധം നിലവിൽവരുന്നു. മേരി രക്തബന്ധത്തിൽ എങ്ങനെയാണു തന്റെ കുടുംബാംഗങ്ങളോട് അടുത്തുനിൽക്കുന്നത്, അതുപോലെയാണ് മാത്യുവും മേരിയുടെ കുടുംബാംഗങ്ങളുമായുള്ള ബന്ധം. അതുപോലെ മാത്യു എങ്ങനെയാണോ തന്റെ മാതാപിതാക്കളോടും സഹോദരങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നത്, അതുപോലെ മേരിക്ക് അവരുമായി ബന്ധം ഉടലെടുക്കുന്നു.

നിയമത്തിൽ പറയുന്നതു വ്യക്തമാണെങ്കിലുംഅടിവരയിടേണ്ട ഒരു കാര്യം ഒന്നുകൂടി എടുത്തുപറയേണ്ടതുണ്ട്. ചാർച്ചാബന്ധം വിവാഹിതരായ വ്യക്തികൾക്കും അവരുടെ പങ്കാളിയുടെ കുടുംബങ്ങൾക്കും ഇടയിൽ മാത്രമാണ് എന്നുള്ളതാണ് അത്. എന്നുവച്ചാൽ മാത്യുവിന്റെ മാതാപിതാക്കൾക്കോ സഹോദരങ്ങൾക്കോ മേരിയുടെ കുടുംബമായി യാതൊരു ബന്ധവും (മാത്യുവിന്റെയും മേരിയുടെയും വിവാഹത്തിലൂടെ) നിലവിൽവരുന്നില്ല. അതുപോലെതന്നെ, മേരിയുടെ കുടുംബാംഗങ്ങൾക്കു മാത്യുവിന്റെ കുടുംബാംഗങ്ങളുമായി ഒരു ബന്ധവും സ്ഥാപിക്കപ്പെടുന്നില്ല. ഉദാഹരണത്തിന് മാത്യുവിന്റെ സഹോദരൻ ബെന്നിയും മേരിയുടെ സഹോദരി ബെറ്റിയും തമ്മിൽ ഒരു ബന്ധവും നിലവിൽ വരുന്നില്ല.

ചാർച്ചാബന്ധം എന്താണെന്നു വ്യക്തമായതിനാൽ ഇനി ഈ ബന്ധത്തിലായവർ തമ്മിൽ വിവാഹം കഴിക്കാനുള്ള സാധ്യതയെക്കുറിച്ചുള്ള നിയമം പരിശോധിക്കാം. പൗരസ്ത്യസഭാനിയമവും ലത്തീൻസഭാനിയമവും തമ്മിൽ ഇക്കാര്യത്തിൽ കുറച്ചു വ്യത്യാസമുണ്ട്. പൗരസ്ത്യസഭാനിയമം കാനൻ 809 §1 പ്രകാരം 'ചാർച്ചാബന്ധം തായ്പരമ്പരയിൽ ഏതു കരിന്തലയിൽ (degree) ഉള്ള വിവാഹത്തെയും ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലുള്ള വിവാഹത്തെയും അസാധുവാക്കുന്നു.' തായ്പരമ്പര (direct line) എന്നുവച്ചാൽ വല്യപ്പൻ, അപ്പൻ, മകൻ കൊച്ചുമകൻ എന്നിവർ തമ്മിൽ നിലനില്ക്കുന്ന ബന്ധമാണ്. എന്നാൽ, ശാഖാപരമ്പര (collateral line) സഹോദരങ്ങൾ, കസിൻസ് എന്നിവർ തമ്മിൽ നിലനിൽക്കുന്ന ബന്ധമാണ്.

മേൽപ്പറഞ്ഞ നിയമം ഉദാഹരണത്തിലൂടെ മനസ്സിലാക്കാൻ എളുപ്പമാണ്. മേരിയുടെ മരണശേഷം മാത്യുവിന് മേരിയുടെ അമ്മയെയോ മേരിക്കു മറ്റൊരു വിവാഹത്തിൽനിന്ന് ഒരു മകൾ ഉണ്ടെങ്കിൽ അവരെയോ വിവാഹം കഴിക്കാൻ നിയമം അനുവദിക്കുന്നില്ല. അതാണ് തായ്പരമ്പരയിലെ വിവാഹവിലക്ക്. അതുപോലെ, മാത്യുവിന് മേരിയുടെ സഹോദരിയായ ബെറ്റിയെ വിവാഹം കഴിക്കാനും നിയമം അനുവദിക്കുന്നില്ല. അത് ശാഖാപരമ്പരയിലെ വിലക്കാണ്. മാത്യുവാണ് മരണപ്പെട്ടതെങ്കിൽ മേരിക്കു മാത്യുവിന്റെ പിതാവിനെയോ മാത്യുവിനു മറ്റു വിവാഹത്തിൽ ജനിച്ച മകനെയോ വിവാഹം കഴിക്കാൻ സാധിക്കുകയില്ല. കൂടാതെ മേരിയും മാത്യുവിന്റെ സഹോദരനായ ബെന്നിയും തമ്മിലുള്ള വിവാഹവും നിയമത്താൽ മുടക്കപ്പെട്ടിരിക്കുന്നതാണ്.

എന്നാൽ ഈ നിയമത്തിൽനിന്ന് ഒഴിവുനൽകാനുള്ള അധികാരം രൂപതാധ്യക്ഷനുണ്ട്. നിയമാനുസൃതമായ അനുവാദത്തോടെ മാത്യുവിനോ മേരിക്കോ പങ്കാളിയുടെ മരണശേഷം മേൽപ്പറഞ്ഞ ചാർച്ചാബന്ധത്തിലുള്ളവരെ വിവാഹംചെയ്യാവുന്നതാണ്.

ലത്തീൻസഭാനിയമം ഇക്കാര്യത്തിൽ അല്പം വ്യത്യാസമുള്ളതാണ് എന്നു സൂചിപ്പിച്ചല്ലോ. കാനൻ 1092 പ്രകാരം തായ്പരമ്പരയിലുള്ള ചാർച്ചാബന്ധം മാത്രമേ വിവാഹത്തെ അസാധുവാക്കുന്നുള്ളൂ. ശാഖാപരമ്പരയിലുള്ള വിവാഹബന്ധത്തെക്കുറിച്ചു ലത്തീൻ നിയമം ഒന്നുംപറയുന്നില്ല. എന്നുവെച്ചാൽ ശാഖാപരമ്പരയിൽ ഏതുരീതിയിൽ ബന്ധപ്പെട്ടിരിക്കുന്നവർക്കും നിയമാനുസൃതം വിവാഹിതരാകാം എന്നർത്ഥം.

മുകളിൽ പരിശോധിച്ച ഉദാഹരണം വീണ്ടും എടുക്കാം. മാത്യുവും മേരിയും ലത്തീൻസഭയിലെ അംഗങ്ങളാണ് എന്ന് കരുതുക. മാത്യുവിന്റെ മരണശേഷം മേരിക്കു മാത്യുവിന്റെ പിതാവുമായോ മാത്യുവിന് മറ്റൊരു വിവാഹത്തിൽ ജനിച്ച മകനുമായോ വിവാഹബന്ധത്തിൽ ഏർപ്പെടാൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ, മേരിക്കു മാത്യുവിന്റെ സഹോദരനായ ബെന്നിയെ വിവാഹംകഴിക്കാൻ നിയമപരമായി ഒരു തടസ്സവുമില്ല. അതിനാൽ ഒരു അനുവാദവും ആവശ്യമില്ല. അതുപോലെ, മാത്യുവിനു മേരിയുടെ സഹോദരി ബെറ്റിയെ വിവാഹം കഴിക്കാനും നിയമതടസ്സമില്ല. ഇവിടെയും ചാർച്ചാബന്ധത്തിൽ തായ്പരമ്പരയിലുള്ളവർ തമ്മിലുള്ള വിവാഹം രൂപതാധ്യക്ഷന്റെ അനുവാദത്തോടെ നടത്താവുന്നതാണ്.

മേൽ വിവരിച്ചതിൽനിന്ന് ചോദ്യകർത്താവിന്റെ സംശയത്തിനു പരിഹാരമായി എന്നു കരുതണം. ലത്തീൻ സഭാനിയമത്തിലും പൗരസ്ത്യസഭാനിയമത്തിലും ചാർച്ചാബന്ധത്തിൽ ഉള്ളവർ തമ്മിലുള്ള വിവാഹത്തെ സംബന്ധിച്ചുള്ള നിയമത്തിൽ വ്യത്യാസം നിലവിലുണ്ടെങ്കിലും മക്കളുടെയും കുടുംബത്തിന്റെയും പൊതുനന്മ കണക്കിലെടുത്ത് ചാർച്ചാബന്ധത്തിൽനിന്ന് ഒഴിവുനൽകികൊണ്ട് ആഗ്രഹിക്കുന്നവർക്കു വിവാഹിതരാകാൻ ഇരുസഭാനിയമങ്ങളും അവസരം നൽകുന്നുണ്ട്.

---

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................................

വീട്ടുപേര്: ..............................................

ഇടവക: ..............................................

ഫോൺ: ..............................................

ഇവിടെ മുറിക്കുക

# ക്വിസ് കോർണർ 2023

## 2023 സെപ്റ്റംബർ – ഒക്ടോബർ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ആഗോളസഭ മിഷൻ മാസമായി ആചരിക്കുന്ന മാസം ഏത്?
2. ക്രിസ്ത്യാനികൾക്കെതിരായ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ഇന്ത്യൻ സംഘടനയുടെ പേര്?
3. സിസ്റ്റർ റാണിമരിയ സേവനം ചെയ്ത ഗ്രാമത്തിന്റെ പേര്?
4. മണിപ്പൂരിലെ പ്രധാനപ്പെട്ട രണ്ട് ഗോത്ര വർഗ്ഗങ്ങൾ ഏതെല്ലാം?
5. സീറോ മലബാർ സഭയിലെ ഭാരതത്തിലെ ഏറ്റവും വലിയ രൂപത ഏത്?
6. ആദ്യമായി അസ്സാമിൽ എത്തിയ മിഷനറിമാർ ഏത് സഭക്കാരായിരുന്നു?
7. ജെമ്മാ എന്ന പേരിന്റെ അർത്ഥം എന്ത്?
8. നിത്യജീവൻ പ്രാപിക്കാൻ വളരെ ഉപകാരപ്രദമായ പ്രാർത്ഥന ഏത്?
9. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ആരംഭിച്ച വർഷം ഏത്?
10. സാധുവായ വിവാഹബന്ധത്തിലൂടെ ഉടലെടുക്കുകയും ദമ്പതികളിൽ ഒരാൾക്ക് മറ്റേയാളുടെ രക്തബന്ധത്തിലുള്ളവരുമായി നിലനിൽക്കുകയും ചെയ്യുന്ന ബന്ധം ഏത്?

**ഉത്തരങ്ങൾ
2023 ഒക്ടോബർ 10 ന്
മുമ്പ് ലഭിക്കണം**

*ജൂലൈ – ആഗസ്റ്റ് ലക്കം
വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**അമേയ ബിജോയ്**
നടുപറമ്പിൽ, കല്ലുരുട്ടി

● രണ്ടാം സമ്മാനം, 500 രൂപ
**മാത്യു ഓരിൽ**
ഓരിൽ, കട്ടിപ്പാറ

● മൂന്നാം സമ്മാനം, 250 രൂപ
**നിഷ ജോൺ**
വട്ടക്കുടിയിൽ, മരിയാപുരം

**ഉത്തരങ്ങൾ അയയ്ക്കേണ്ട
വാട്സാപ്പ് നമ്പർ
9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ജൂലൈ – ആഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. കൊളംബിയ 2. ഇഗ്നോ 3. സ്ത്രീക്ക് 4.നീതിശാസ്ത്രം 5. ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യം നൽകുന്നതാണ് 6. മതാധ്യാപകർ 7. വിശുദ്ധ കുർബാന 8. പബ്ലിസ്ക്യൂ 9. ബിഷപ് വിൽഫ്രെഡ് അനാഗ്ബെ 10. വി. മാർട്ടിൻ ഡി പോറസ്

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ ഇടതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കണം. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. **● വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **9744995553**

# കുഞ്ഞുമാലാഖ കഥ പറയുമ്പോൾ

സിസ്റ്റർ ടെൽന SABS

ഈശോയുടെ കുഞ്ഞുമക്കളെ, നിങ്ങൾക്ക് സുഖമാണോ? ഇന്ന് കുഞ്ഞുമാലാഖ വിശുദ്ധ ജെമ്മാ ഗൽഗാനിയുടെ കഥ പറയട്ടെ. നിങ്ങൾ കേട്ടിട്ടുണ്ടോ വിശുദ്ധ ജെമ്മായെക്കുറിച്ച്? അവളുടെ പേരിന്റെ അർത്ഥം തന്നെ 'മുത്ത്' 'രത്നം' എന്നൊക്കെയാണ്. അതെ ഈശോയുടെ കൈയ്യിലെ ഒരു മുത്തായിരുന്നു അവൾ. ഈശോയോടുള്ള സ്നേഹത്തെ പ്രതി ഒരു നല്ല സമർപ്പിതയായി അവൾ ജീവിച്ചു.



ഒരിക്കൽ ജെമ്മാ പ്രാർത്ഥനാമുറിയിൽ ഇരുന്ന് കീർത്തനങ്ങൾ പാടുകയായിരുന്നു. മാറ്റാരും ആ മുറിയിൽ ഉണ്ടായിരുന്നില്ല. പക്ഷേ തന്റെ കൂടെ ആരോ പാടുന്നുണ്ടെന്ന് അവൾ തിരിച്ചറിഞ്ഞു. ആരാണെന്നറിയാൻ ചുറ്റും നോക്കിയപ്പോൾ കണ്ടെതെന്താണെന്നോ? ചിറകുകൾ വിരിച്ച്, കൈകൾ വിടർത്തി തന്റെ മീതെ ഉയർന്നു നിൽക്കുന്ന ഒരു മാലാഖ. മാലാഖ അവളോടു പറഞ്ഞു, 'ഞാൻ നിന്റെ വഴികാട്ടിയും നിത്യസഹചാരിയുമായിരിക്കും'. ആരാണ് നിന്നെ എന്റെ




സംരക്ഷണയിൽ ഏൽപ്പിച്ചതെന്നറിയണോ? കരുണാനിധിയായ ഈശോയാണ്. അങ്ങനെ അവർ ഒരുമിച്ച് എപ്പോഴും നടക്കാൻ തുടങ്ങി. ജെമ്മാ ജപമാല ചൊല്ലുമ്പോൾ അതിന്റെ മറുപടി മാലാഖ ചൊല്ലുമായിരുന്നു. ആരാണ് കൂടുതൽ സുകൃതജപം ചൊല്ലുന്നത് എന്നറിയാൻ അവർ മത്സരം നടത്തുമായിരുന്നത്രേ. മറ്റൊരു രസകരമായ കാര്യം കൂടിയുണ്ട്.

ഒരിക്കൽ ജെമ്മാ തന്റെ ആത്മീയ പിതാവിന് ആത്മീയ കാര്യങ്ങളെക്കുറിച്ച് ഒരു കത്തെഴുതി. കൈയ്യിൽ പണമില്ലാതിരുന്നതിനാൽ അതിൽ ഒട്ടിക്കാനുള്ള സ്റ്റാമ്പ് വാങ്ങാൻ കഴിഞ്ഞില്ല. അവൾ ആ കത്ത് മറ്റൊരു സഹോദരിയെ ഏൽപ്പിക്കുകയും അവരത് രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. എന്നാൽ കുറേ കഴിഞ്ഞ് അവർ ഒരുമിച്ച് തോട്ടത്തിൽ നിൽക്കുമ്പോൾ ഒരു ദൈവദൂതൽ കത്തുമായി പോകുന്നത് ജെമ്മാ കണ്ടു. അവർ കത്ത് സൂക്ഷിച്ചു വച്ചിരുന്ന സ്ഥലത്ത് ചെന്നുനോക്കിയപ്പോൾ അത് കാൺമാനില്ല. ഇതിനകം മാലാഖ കത്ത് ആത്മീയ പിതാവിന്റെ അടുത്ത് എത്തിച്ചിരുന്നു. ഇങ്ങനെ പലപ്പോഴും മാലാഖ ജെമ്മാ നൽകിയ കത്തുകൾ ഉടമസ്ഥരുടെ കൈകളിൽ എത്തിച്ചിരുന്നു.

നോക്കൂ കൂട്ടുകാരെ, എത്ര രസകരമായിട്ടാണ് കാവൽ മാലാഖ ജെമ്മായെ സഹായിച്ചിരുന്നത്. അത്ഭുതം തന്നെയല്ലേ. ഇതുപോലെ നമ്മെ സഹായിക്കാൻ നമ്മുടെ കൂടെയുമുണ്ട് കാവൽ മാലാഖ. ഈശോയ്ക്ക് ഇഷ്ടമുള്ള നല്ല മക്കളായി ജീവിക്കുമ്പോൾ മാത്രമേ നമുക്കും കാവൽ മാലാഖയുടെ സാന്നിധ്യം അനുഭവിക്കാൻ കഴിയൂ. അതുകൊണ്ട് ഇന്നുമുതൽ നമുക്കും നല്ല മക്കളാകാം. ഈശോയെ സ്നേഹിച്ച്, ഈശോയുടെ കൂടെ നടക്കാം. സുകൃതജപങ്ങൾ ചൊല്ലി ഈശോയുടെ കുഞ്ഞായി വളരാം. അപ്പോൾ നമ്മെ സഹായിക്കാൻ കാവൽ മാലാഖ എപ്പോഴും വരും കേട്ടോ. നമുക്കും പ്രാർത്ഥിക്കാം "ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു"




Thomarakattil Tiles

'നവീകരിച്ച ഷോറൂം
വിശാലമായ കളക്ഷൻസ്'



Kajaria, Johnson തുടങ്ങിയ ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റുഡിയോ. വിവിധ സൈസിൽ ഉള്ള സ്ലാബ് ടൈലുകൾ, സാനിറ്ററി വെയർ, ബാത് ഫിറ്റിംഗ്സ് തുടങ്ങിയവയുടെ വിശാലമായ കളക്ഷൻസ്, 10,000 Sq.ft ഉള്ള നവീകരിച്ച ഷോറൂമിൽ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നു.

MAJOR BRANDS: KAJARIA, JOHNSON, SOMANY, MYK LATICRETE, WEBER, RAMCO, KEROVIT PARRYWARE

Our sister concerns - Thomarakattil Hardwares | Thomarakattil furniture
Thomarakattil Electricals | Thomarakattil Sheets and pipes

Thomarakattil Tiles
Calicut Road, Thiruvambady, Kozhikode
Pincode: 673 603, Ph: 9562 252 190, 04952 252 190

# ജപമാല: ആലംബവും ആയുധവും

**സ്നേഹത്തോടെ ജപമാല നമുക്ക് നെഞ്ചോട് ചേർക്കാം. ജപമാല ചൊല്ലുന്ന പതിവ് നമ്മുടെ കുടുംബത്തിൽ നിന്ന് കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ, നമുക്ക് തിരിച്ചു വരാം. മിശിഹായുടെ രണ്ടാം വരവിൽ അവിടുത്തെ സ്വീകരിക്കാൻ ആത്മാവിനെ പുണ്യങ്ങളാൽ അലങ്കരിക്കാൻ സഹായിക്കുന്ന ജപമാല എന്ന ആയുധത്തെ മുറുകെ പിടിക്കാം**



**സിസ്റ്റർ ഡെൽസി MSMI**
(പ്രൊവിൻഷ്യൽ, മേരിമാതാ പ്രൊവിൻസ് കോഴിക്കോട്)

മനുഷ്യമക്കൾക്ക് ഈ ലോകത്ത് സ്വർഗ്ഗം നൽകിയിരിക്കുന്ന രക്ഷാസാന്നിധ്യമാണ് മറിയം. ലോകത്തിന് രക്ഷകനെ നൽകുക മാത്രമല്ല മറിയം ചെയ്തത്, അവൾ രക്ഷയുടെ സമയത്തെ ത്വരിതപ്പെടുത്തുകയും ചെയ്തു. ദൈവത്തിന്റെ ഇടപെടലിനെയും, കൃപയുടെ സമയത്തെയും വേഗത്തിലാക്കാൻ കഴിവുള്ളവളാണ് പരിശുദ്ധ മറിയം. സന്ധ്യാസമയത്ത് നമ്മുടെ കുടുംബങ്ങളിൽ നിന്നുയരുന്ന ജപമാല സുന്ദരവും, സ്വർഗ്ഗം വരെ ഉയരുന്നതും ആയിരുന്നു. കുടുംബത്തെ ഒന്നിച്ച് നിർത്തുന്നതും, സ്നേഹത്താൽ ബന്ധിപ്പിക്കുന്നതും, വിശ്വാസത്തിൽ വളർത്തുന്നതും ഈ ജപമാല തീക്ഷ്ണതയായിരുന്നു.

എന്നാൽ തിരക്കുകൾ വർധിച്ചു വരുന്ന ഈ ആധുനിക കാലഘട്ടത്തിൽ ജപമാലയ്ക്ക് പ്രാധാന്യം കുറയുന്നുണ്ടോ എന്ന് വിചിന്തനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തോന്നുന്നു. ആഗ്രഹിക്കുന്നതെന്തും വിരൽ തുമ്പിൽ കിട്ടുന്ന ഈ കാലത്ത്, തിന്മയുടെ അരാജക ശക്തി പോരാട്ടവീര്യത്തോടെ മുന്നേറുമ്പോൾ, ജപമാലയുടെ പ്രാധാന്യവും, ജപമാല പ്രാർത്ഥനയും നമ്മുടെ ജീവിതത്തിൽ നിന്ന്, കുടുംബത്തിൽ നിന്ന് അന്യമായി പോകുന്നില്ലേ? ഒരിക്കൽ ഒരു യാത്രയിലുണ്ടായ ഒരനുഭവം പങ്കുവയ്ക്കട്ടെ. ബസ്സിൽ വച്ച് ഒരു യുവ സുഹൃത്തിനെ പരിചയപ്പെട്ടു. ദൂരെ യാത്രയായതിനാൽ ഒരു സൗഹൃദ സംഭാഷണത്തിന് തുടക്കം കുറിച്ചു. ആ സഹോദരന്റെ കഴുത്തിലെ വലിയ മണികളുള്ള ജപമാല എന്റെ ശ്രദ്ധയിൽ പെട്ടു. വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് മാറിക്കൊണ്ടിരിക്കുന്ന യുവതലമുറകൾക്കിടയിൽ, വലിയ മണികളുള്ള ജപമാല കഴുത്തിൽ അണിഞ്ഞ് യാത്ര ചെയ്യുന്ന ഒരു യുവാവ് എന്റെ ഉള്ളിൽ ആശ്ചര്യവും, അത്ഭുതവും ജനിപ്പിച്ചു. ഈ ആധുനിക കാലഘട്ടത്തിലും ജപമാലയെ സ്നേഹത്തോടെ പുൽകിയ യുവസഹോദരനോട് ഞാൻ ചോദിച്ചു. 'മരിയ ഭക്തനാണെന്ന് തോന്നുന്നല്ലോ? വലിയ ജപമാലയൊക്കെ കഴുത്തിലുണ്ടല്ലോ?' ഉടനെ പുച്ഛഭാവത്തോടെ ചിരിച്ചു കൊണ്ട് പറഞ്ഞു. ഓ, വലിയ വിശ്വാസമൊന്നും ഇല്ല സിസ്റ്ററെ, പിന്നെ ജപമാലയണിയുന്നത് ഇപ്പോഴത്തെ ഒരു സ്റ്റൈൽ ആണ്, ഒരു ന്യൂ ജെൻ സ്റ്റൈൽ. ആ മറുപടി എന്നെ ഒന്ന് ഞെട്ടിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. ഹൊ. എന്തൊരു കാലം! ജപമാല പോലും ഇപ്പോൾ ഒരു സ്റ്റൈൽ ആയി മാറിയിരിക്കുകയാണ്.

ജപമാലയുടെ ശ്രേഷ്ഠതയെ പരാമർശിച്ച് കൊണ്ട് ലെയോ പതിമൂന്നാമൻ പാപ്പ ഇങ്ങനെ പഠിപ്പിക്കുന്നു. 'ഏറെ വിസ്മയനീയമായ കിരീടമാണ് ജപമാല. അതിവിശിഷ്ടമായ പ്രാർത്ഥനാ രീതിയാണ്. നിത്യജീവൻ പ്രാപിക്കാൻ വളരെ ഉപകാരപ്രദവുമാണത്.' അനേകം അത്ഭുതങ്ങൾ ജപമാല വഴി ലോകത്തിൽ സംഭവിക്കാനിടയായിട്ടുണ്ട്. സഭാചരിത്രത്തിൽരേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം: രോഗബാധിതനായ ആ ചെറുപ്പക്കാരനെ സെമിനാരിയിൽ നിന്ന് പറഞ്ഞയച്ചു. പോയി കൊന്ത ചൊല്ലുക. രോഗം മാറിയാൽ തിരിച്ചു വരിക. ഇതായിരുന്നു അധികാരികൾ നല്കിയ നിർദ്ദേശം. അവൻ പോയി ജപമാല ചൊല്ലി. രോഗം സുഖമാക്കപ്പെട്ടു. തിരിച്ച് സെമിനാരിയിലെത്തി, പരിശീലനം പൂർത്തിയാക്കി. വൈദികനായി, മെത്രാനായി, മാർപാപ്പയായി... അദ്ദേഹമാണ് ഒമ്പതാം പീയുസ് മാർപാപ്പ. നിരവധിയായ പ്രതിസന്ധികൾക്കിടയിൽ നട്ടം തിരിയുന്ന നമുക്ക് ആശ്രയിക്കാനുള്ള ബലവത്തായ ആയുധമാണ് ജപമാല. ഈ ആയുധം വഴി നമുക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ നമുക്ക് ഒന്ന് പരിചിന്തനം ചെയ്യാം.

സമയത്തിന് മുമ്പു തന്നെ നമ്മുടെ യാചനകൾക്ക് ഉത്തരമരുളാൻ പരിശുദ്ധ കന്യകയുടെ മാധ്യസ്ഥം പരമകാരുണ്യവാനായ ദൈവത്തെ നിർബന്ധിക്കുന്നു. കാരണം അത്ര ഫലദായകമാണ് അവളുടെ മാധ്യസ്ഥശക്തി.

നമ്മുടെ പാപങ്ങൾക്കും, പാപകടങ്ങൾക്കും നിരുപാധികം മോചനം വാങ്ങിത്തരുവാൻ അവൾക്കു കഴിയും. കാരണം പരിശുദ്ധ കന്യകാമറിയം പാപമാലിന്യ മേൽക്കാത്തവളും അതിന്റെ നിഴൽ പോലുമേശാത്തവളുമാണ്. ചോദിക്കുന്നതിലും, പ്രതീക്ഷിക്കുന്നതിലും അധികം അനുഗ്രഹങ്ങൾ വാങ്ങിത്തരുവാൻ പരി. അമ്മയ്ക്ക് കഴിയും. കാരണം അവളുടെ മാതൃസ്നേഹം അത്ര ആർദ്രമാണ്.

അസാധ്യമായവ സാധ്യമാക്കാൻ പരി. അമ്മയുടെ മാധ്യസ്ഥത്തിന് കഴിയും. കാരണം അവൾ ദൈവത്തിനൊന്നും അസാധ്യമല്ല എന്ന വിശ്വാസത്തിലൂടെ കൃപ നേടിയവളാണ്.

നിരാശയിൽ പ്രത്യാശവിതയ്ക്കാനും, അടഞ്ഞുകിടക്കുന്ന വാതിലുകൾ തുറക്കാനും പരിശുദ്ധ കന്യകയ്ക്കു കഴിയും. കാരണം കർത്താവിന്റെ മുമ്പിൽ അവൾ തന്റെ ഹൃദയകവാടം ഒരിക്കലും അടച്ചിട്ടില്ല. ഈ ലോകത്തിൽ സാത്താൻ കൂടുതൽ ശക്തി ആർജിക്കുകയും, കൂടുതൽ കഠിനതരമായ പ്രലോഭനങ്ങൾ അഴിച്ചുവിടുകയും ചെയ്യുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ആട്ടിയോടിക്കുവാൻ പറ്റിയ ആയുധമാണ് ജപമാല.

ഒരു ധ്യാനത്തിനിടയിൽ കണ്ടുമുട്ടിയ ഒരു കുടുംബത്തെ ഓർക്കുന്നു. 5 ദിവസത്തെ ഇടവകാധ്യാനത്തിന്റെ ഒന്നാംദിവസത്തെ ശുശ്രൂഷകൾ കഴിഞ്ഞ് വീട്ടിലേക്ക് പോകുന്ന സമയം ഇങ്ങനെ പറഞ്ഞു. ഇന്ന് രാത്രി ഒരു ജപമാല കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലി പ്രാർത്ഥിച്ച് ഒരുങ്ങി നാളെ വരണം എന്ന്. എല്ലാവരും പോയി കഴിഞ്ഞപ്പോൾ ഒരു അമ്മച്ചി സങ്കടത്തോടെ വന്നു പറഞ്ഞു. ഇന്ന് പറഞ്ഞ കാര്യം അനുസരിക്കാൻ പറ്റില്ല. ജപമാല ചൊല്ലിയാൽ നാളെ 4 പേരുടേയും മൃതസംസ്കാരം നടത്തേണ്ടി വരും. എന്താണെന്ന് ചോദിച്ചപ്പോൾ ആ അമ്മ പറഞ്ഞത് – കഴിഞ്ഞ 27 വർഷമായി ഞങ്ങളുടെ വീട്ടിൽ ജപമാല ഇല്ല. വൈകുന്നേരം ചേട്ടൻ മദ്യപിച്ച് വരും. അപ്പന്റെ സ്വരം കേൾക്കുമ്പോൾ അമ്മ ഒരു അറിയിപ്പ് കൊടുക്കും. മക്കൾ ഒളിക്കും. അല്ലെങ്കിൽ മുമ്പിൽ വരുന്നവർക്ക് കിട്ടും. അതുകൊണ്ട് ജപമാല ചൊല്ലണോ? വേദനയോടെ നോക്കിയ അമ്മയോട് ഞാൻ പറഞ്ഞു. വർഷങ്ങൾക്ക് മുമ്പ് ഒരു ദേവാലയത്തിൽ നിന്ന് ഏറ്റു പറഞ്ഞില്ലേ – ഇന്ന് മുതൽ മരണം വരെ ജീവിക്കാമെന്ന്. ഇനി ഭർത്താവിന്റെ അടിയേറ്റ് മരിക്കാനാണെങ്കിൽ മരിക്കട്ടെ. അമ്മവീട്ടിലേക്ക് മടങ്ങി. ഞാൻ ശക്തമായി പ്രാർത്ഥിച്ചു പിറ്റെ ദിവസം നോക്കിയപ്പോൾ അമ്മ വന്നിട്ടുണ്ട്. ആശ്വാസമായി. ധ്യാനത്തിന്റെ അവസാന ദിവസം അമ്മ പറഞ്ഞു. എന്തോ ചില മാറ്റങ്ങൾ ഉണ്ട്. നിങ്ങൾ പ്രാർത്ഥിക്കണേ. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആ കുടുംബം ധ്യാനിക്കുവാനായി നമ്മുടെ ഒരു ധ്യാനസെന്ററിൽ വന്നു. ആ ചേട്ടൻ എല്ലാവരുടേയും മുമ്പിൽ വന്നിട്ട് ഒരു ജപമാല എടുത്ത് കാണിച്ച് പറഞ്ഞു. ഈ മാല ഉരുട്ടി ഉരുട്ടി ആണ് ഞങ്ങൾ ഇവിടെ എത്തിയത്. എന്താ സംഭവിച്ചത്? ആ അമ്മ പറഞ്ഞത് ധ്യാനത്തിന്റെ ആദ്യ ദിവസം കൊന്ത ചൊല്ലി തുടങ്ങിയപ്പോൾ ചേട്ടൻ വന്നു. അമ്മ മക്കളോട് പറഞ്ഞു. ഓടല്ലേ. കൈകൾ വിരിച്ച് അമ്മയും മക്കളും പ്രാർത്ഥിച്ചു. കുറെ മോശമായവയൊക്കെ പറഞ്ഞ് ചേട്ടൻ കിടക്കാൻ പോയി. പിറ്റെ ദിവസം ചേട്ടൻ ഇവരുടെ അടുക്കൽ വന്നിരുന്നു. രണ്ടുമൂന്ന് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അപ്പൻ നേരത്തെ വരാൻ തുടങ്ങി. ഒരു ദിവസം അപ്പൻ അമ്മയോട് പറഞ്ഞു. ആ മാല (ജപമാല) എനിക്കും താ... എനിക്കും ഉരുട്ടണം. പ്രാർത്ഥന ചൊല്ലാൻ അറിയില്ല. എങ്കിലും ജപമാല മണികൾ ഉരുട്ടിയിരുന്നു. സാവധാനം ചേട്ടന്റെ മദ്യപാനം നിന്നു. ആ അപ്പച്ചൻ വലിയ സന്തോഷത്തോടെ പറഞ്ഞത് "ഇന്ന് ഞങ്ങളുടെ നാട്ടിൽ ഏറ്റവും ആനന്ദത്തിൽ കഴിയുന്നത് ഞങ്ങളുടെ കുടുംബമാണ്. അതിന് കാരണം ഈ മാല – ജപമാല ആണ്. ഈ ആയുധം കൈകളിൽ എടുത്താൽ ദുശ്ശീലങ്ങളിൽ നിന്ന് വിടുതൽ ലഭിക്കും."

പരിശുദ്ധ അമ്മ വിശുദ്ധ ആന്റണി മേരി ക്ലാരറ്റിനോട് ഇപ്രകാരം ആവശ്യപ്പെട്ടു. "ഈ കാലഘട്ടത്തിൽ ജപമാല പ്രചരിപ്പിക്കുന്ന ഡോമിനിക്ക് ആയിരിക്കണം നീ" ഒരു വേള മറിയം ഇത് നമ്മോടും ആവശ്യപ്പെടുന്നുണ്ടോ എന്ന് കാതോർക്കാം. വിശുദ്ധ ഡൊമിനിക്കിനെ പരിശുദ്ധ മറിയം ഇങ്ങനെ അറിയിച്ചു. "ജപമാല ചൊല്ലുന്ന എല്ലാവരും എന്റെ പുത്രൻമാരും പുത്രിമാരും എന്റെ വത്സലപുത്രനായ ഈശോമിശിഹായുടെ സഹോദരന്മാരും സഹോദരിമാരും ആയിരിക്കും." പരിശുദ്ധ അമ്മയുടെ ഈ വാക്കുകൾ വിശ്വസിച്ച് കൊണ്ട്, സ്നേഹത്തോടെ ജപമാല നമുക്ക് വീണ്ടും നെഞ്ചോട് ചേർക്കാം. ജപമാല ചൊല്ലുന്ന പതിവ് നമ്മുടെ കുടുംബത്തിൽ നിന്ന് കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ, നമുക്ക് തിരിച്ചു വരാം.

സ്വർഗ്ഗീയ ഭവനത്തിൽ
100–ാം പിറന്നാൾ

കെ. എസ്. പൗലോസ്
കിഴക്കയിൽ, ചേവായൂർ
ജനനം: 08-10-1923 മരണം: 23-05-2021
പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ

സ്വർഗ്ഗത്തിൽ അഞ്ചാം പിറന്നാൾ
(21–09–2023)

ബിന്ദു മനോജ് (മായ)
പുത്തൻപുരക്കൽ, കക്കാടംപൊയിൽ
ജനനം: 03–03–1978 മരണം: 21–09–2018
ഞാൻ നിങ്ങളിൽ നിന്നും അകന്നുപോകുന്നു എങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

3–ാം ചരമ വാർഷികം
(23 - 09 - 2023)

പൗളിൻ വർഗ്ഗീസ്
ചിറ്റിലപ്പിള്ളി, പെരിന്തൽമണ്ണ
Birth: 22-03-1958 Death: 23- 09-2020
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# കേന്ദ്രസർവീസിലേക്കൊരു ഗ്രീൻ ചാനൽ

**കേന്ദ്രസർക്കാരിന്റെ പി.എസ്.സിയാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ്.എസ്.സി). ഓരോ വർഷവും ആയിരങ്ങളാണ് ഈ പരീക്ഷയിലൂടെ കേന്ദ്രസർവീസിൽ എത്തുന്നത്. പി.എസ്.സി പരീക്ഷ പാസാകുന്നതിന്റെ പകുതി പരിശ്രമം മതി എസ്.എസ്.സി കടമ്പ കടക്കാൻ എന്നാണ് വിജയികളുടെ അനുഭവസാക്ഷ്യം.**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

കേന്ദ്രസർക്കാരിന്റെ പി.എസ്.സിയാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ്.എസ്.സി). ഓരോ വർഷവും ആയിരങ്ങളാണ് ഈ പരീക്ഷയിലൂടെ കേന്ദ്രസർവീസിൽ എത്തുന്നത്. എന്നാൽ എന്തുകൊണ്ടോ നമ്മൾ മലയാളികൾ കേന്ദ്രസർവീസിനോടും എസ്.എസ്.സി പരീക്ഷയോടും മുഖം തിരിച്ച് നിൽക്കുന്നതായി പൊതുവേ കാണപ്പെടുന്നു. സംസ്ഥാന സർവീസിനേക്കാൾ കൂടുതൽ അവസരങ്ങൾ കേന്ദ്രസർവീസിലാണുള്ളത്. പി.എസ്.സി പരീക്ഷ പാസാകുന്നതിന്റെ പകുതി പരിശ്രമം മതിയാകും എസ്.എസ്.സി കടമ്പ കടക്കാൻ എന്നാണ് വിജയികളുടെ അനുഭവ സാക്ഷ്യം.

ഉയർന്ന ശമ്പള സ്കെയിലും കേന്ദ്ര സർക്കാർ ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും എസ്.എസ്.സി പരീക്ഷയെ കൂടുതൽ ആകർഷകമാക്കുന്നു. പത്ത് ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്ന കേന്ദ്രസർക്കാരിന്റെ അടുത്ത കാലത്തെ പ്രസ്താവനയ്ക്ക് പിന്നിലുള്ളത് ഇപ്പോൾ നിലവിൽ കേന്ദ്രസർവീസിൽ ഒഴിവുള്ള പത്ത് ലക്ഷം വേക്കൻസികളിലേക്ക് അടുത്ത ഇലക്ഷന് മുൻപായി നിയമനം നടത്തുക എന്നതാണ് എന്ന് വിദഗ്ദർ പറയുന്നു. അതിനാൽ അടുത്ത ഒന്ന് രണ്ട് പി.എസ്.സി പരീക്ഷകളിൽ കൂടുതൽ നിയമനം നടക്കുവാനും സാധ്യതയുണ്ട്.

കേന്ദ്രസർക്കാർ സർവീസിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി 1975–ൽ സ്ഥാപിച്ച കേന്ദ്ര സർക്കാർ സ്ഥാപനമാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ. പൂർണ്ണമായും ഓൺലൈൻ കംപ്യൂട്ടർ അധിഷ്ഠിത ഒബ്ജക്റ്റീവ് മാതൃകയിലാണ് എസ്.എസ്.സി പരീക്ഷ. വർഷം തോറും എസ്.എസ്.സി നടത്താറുള്ള പൊതു പരീക്ഷകൾ ഇവയാണ്.

- കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ
- കംബൈൻഡ് ഹയർസെക്കണ്ടറി ലെവൽ
- ജൂനിയർ എൻജിനീയർ
- ജൂനിയർ ഹിന്ദി ട്രാൻസ്ലേറ്റർ
- ജൂനിയർ ട്രാൻസ്ലേറ്റർ
- സ്റ്റെനോഗ്രാഫർ ഗ്രേഡ് സി. ആന്റ് ഡി.

### കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ

സിവിൽ സർവീസ് പരീക്ഷ കഴിഞ്ഞാൽ ഇന്ത്യയിലെ ബിരുദ ധാരികളുടെ പ്രധാന ലക്ഷ്യമാണ് എസ്.എസ്.സി നടത്തുന്ന കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷ. കേന്ദ്രഗവർമെന്റ് സർവീസിലെ ഉന്നത സ്ഥാപനങ്ങളിൽ എത്താവുന്ന തസ്തികകളിലേക്കാണ് ഈ പരീക്ഷയിലൂടെ നിയമനം. കേന്ദ്രസർക്കാറിന്റെ വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് അക്കൗണ്ട് ഓഫീസർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ഇൻകംടാക്സ് ഇൻസ്പെക്ടർ, എൻഫോഴ്സ്മെന്റ് ഓഫീസർ, സെൻട്രൽ എക്സൈസ് ഇൻസ്പെക്ടർ, ഡിവിഷണൽ അക്കൗണ്ടന്റ്, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തുടങ്ങിയ തസ്തികകളിലേക്ക് നിയമനം.

### യോഗ്യത


ഏതെങ്കിലും വിഷയത്തിലെ ബിരുദമാണ് അടിസ്ഥാന യോഗ്യത. എന്നാൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ/ അസിസ്റ്റന്റ് അക്കൗണ്ട് ഓഫീസർ തസ്തികകളിൽ അപേക്ഷിക്കുന്നവർക്ക് സിഎ/ കമ്പനി സെക്രട്ടറി/ എം.കോം, എം.ബി.എ തുടങ്ങിയ ബിരുദങ്ങൾ അഭിലഷണീയ യോഗ്യതകളാണ്. അതുപോലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിലേക്ക് ബിരുദ തലത്തിൽ സ്റ്റാറ്റിസ്റ്റിക്സ് പഠിച്ചിരിക്കണം. ഇൻസ്പെക്ടർ/ സബ് ഇൻസ്പെക്ടർ അപേക്ഷകർക്ക് മികച്ച ശാരീരിക യോഗ്യതയും വേണം. ഇവർക്ക് ശാരീരിക യോഗ്യതാ പരീക്ഷയും ഉണ്ടാകും.

### പരീക്ഷാ രീതി

മൂന്നുഘട്ടങ്ങളിലായാണ് പരീക്ഷ നടത്തുക. ഒന്നാംഘട്ടത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നവർക്ക് മാത്രമേ രണ്ടാം ഘട്ട പരീക്ഷ എഴുതാനാകൂ. ഇവ രണ്ടും ഓൺലൈൻ ഒബ്ജക്റ്റീവ് പരീക്ഷകളാണ്. രണ്ടാംഘട്ടപരീക്ഷ പാസാകുന്നവർ വിവരണാത്മക രീതിയിലുള്ള മൂന്നാം ഘട്ട പരീക്ഷയ്ക്ക് ലിസ്റ്റ് ചെയ്യപ്പെടും. ഒന്നാംഘട്ട പരീക്ഷയ്ക്ക് ജനറൽ ഇന്റലിജൻസ്, റീസണിംങ്, ജനറൽ അവയർനെസ്, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, ഇംഗ്ലീഷ് എന്നിവയാണുള്ളത്. രണ്ടാംഘട്ടപരീക്ഷയ്ക്ക് ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡും, ഇംഗ്ലീഷ് എന്നിവ മാത്രം.

**SSC നടത്തുന്ന മറ്റ് പരീക്ഷകളുടെ വിവരങ്ങൾ അടുത്ത ലക്കത്തിൽ**






Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Rony Paul Kavil